# വേദാഭിമാനി

Vol.18 No.11 കാർത്തികപ്പള്ളി R.No. 7361/02 2018 NOVEMBER

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com

## ആപ്പിളിനും പറ്റി ആക്സിഡന്റ്

പരീക്ഷണ ഓട്ടത്തിനിടെ അപകടം നേരിട്ട് ടെക്വമ്പൻ ആപ്പിളിന്റെ ഡ്രൈവറില്ലാ കാർ. സിലിക്കൺ വാലിയിലെ കമ്പനി ആസ്ഥാനത്തിനടുത്തുള്ള റോഡിൽ നിന്ന് എക്സ്പ്രസ്‌വേയിൽ പ്രവേശിക്കുമ്പോൾ മറ്റൊരു കാറുമായി കൂട്ടിയിടിക്കുകയായിരുന്നു. അപകടത്തിൽ ആർക്കും പരിക്കില്ലെന്ന് ആപ്പിൾ പുറത്തിറക്കിയ ആക്സിഡന്റ് റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ വർഷം സമർപ്പിച്ച റിപ്പോർട്ടിൽ, ഡ്രൈവറില്ലാ



കാറുകൾ നിർമിക്കുന്നതുമായി ബന്ധപ്പെട്ട ഗവേഷണത്തിൽ തങ്ങളുടെ 5,000 ജീവനക്കാർ ജോലി ചെയ്യുന്നതായി ആപ്പിൾ സമ്മതിച്ചിരുന്നു. അപകടവാർത്ത പുറത്തായതോടെ ആപ്പിളിന്റെ ഡ്രൈവറില്ലാ കാർ നിർമാണ പദ്ധതി സജീവമാണെന്നതു സ്ഥിരീകരിച്ചിരിക്കുകയാണ്. ആൽഫാബെറ്റ്, ജനറൽ മോട്ടേഴ്സ്, സൂക്സ്, തുടങ്ങിയ കമ്പനികളും ഡ്രൈവറില്ലാ കാറുകൾ പുറത്തിറക്കാനുള്ള തയാറെടുപ്പിലാണ്.

## കൈ മാത്രമല്ല തലയും ഉണ്ട്



ചെയ്യേണ്ട ജോലികളെല്ലാം ചെയ്തു തീർക്കാൻ കഴിയാതെ വരുമ്പോൾ ഒരു കൈകൂടി ഉണ്ടായിരുന്നെങ്കിൽ എന്ന് പലരും വിചാരിച്ചിട്ടുണ്ടാകും. ഇത്തരക്കാർക്ക് ഒരു സന്തോഷ വാർത്ത.

ബാഗുപോലെ പുറത്തു തൂക്കാൻ കഴിയുന്ന രണ്ട് റോബട്ടിക് കൈകൾ നിർമിച്ചിരിക്കുകയാണ് യാമൻ സരാജി എന്ന ജപ്പാൻകാരൻ. ആവശ്യമുള്ളപ്പോൾ റിമോട്ട് ഉപയോഗിച്ച് ഈ റോബട്ടിക് കൈകൾ നിയന്ത്രിക്കാം. കൈകൾ മാത്രമല്ല, ചെറിയൊരു തലയുമുണ്ട് ഈ റോബട്ടിന്. ഈ തലയ്ക്കുള്ളിൽ കാമറ വച്ചിട്ടുണ്ട്. അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുമ്പോഴോ മറ്റോ പുറത്തേക്ക് പോകേണ്ടി വന്നാൽ അടുപ്പിൽ വച്ചിരിക്കുന്ന ആഹാരത്തിനുമുമ്പിൽ ഈ റോബട്ടിനെ വച്ചിട്ട് പോകാം. റോബട്ടിന്റെ തലയിലെ കാമറയിലൂടെ അടുക്കളയിൽ നടക്കുന്ന കാര്യങ്ങൾ റിമോട്ടിലെ സ്ക്രീനിൽ കാണാൻ കഴിയും. ഭക്ഷണം പാകമായെന്ന് തോന്നിയാൽ റിമോട്ടിലൂടെ റോബോട്ടിനെക്കൊണ്ട് സ്റ്റൗ നിറുത്തിക്കുകയും ചെയ്യാം. ഭാവിയിൽ റിമോട്ടിന്റെ സഹായമില്ലാതെ ആർട്ടിഫിഷൽ ഇന്റലിജൻസ് ഉപയോഗിച്ച് ഈ റോബട്ടിന് പ്രവർത്തിക്കാനാകുമെന്നാണ് യാമൻ സരാജിയുടെ പ്രതീക്ഷ. ആവശ്യമെങ്കിൽ മനുഷ്യരുടെ കൈകളോട് ബന്ധിപ്പിച്ചും ഈ റോബട്ട് കൈകൾ പ്രവർത്തിപ്പിക്കാം. കൈകൾക്ക് സ്വാധീനക്കുറവുള്ളവർക്കും മറ്റും ഇത് വളരെ ഉപകാരപ്രദമായിരിക്കും.

# എല്ലാം തോന്നിയതുപോലെ

വിവാഹേതര ലൈംഗികബന്ധം ക്രിമിനൽ കുറ്റമല്ലെന്ന സുപ്രീം കോടതി വിധിയോടെ അപ്രസക്തമാകുന്നത് 158 വർഷം പഴക്കമുള്ള ഐ.പി.സി. സെക്ഷൻ 497 വകുപ്പ്.

വിവാഹേതര ബന്ധം ക്രിമിനൽ കുറ്റമല്ലെന്ന സുപ്രീംകോടതി വിധി പുരോഗമനപരമാകുന്നതിനൊപ്പം രാജ്യത്തിന്റെ സാമൂഹിക ഘടനയെയും സദാചാര മൂല്യസങ്കൽപങ്ങളെയും തകിടംമറിക്കുമെന്നും വിദഗ്ധർ. സ്ത്രീയും പുരുഷനും ഒന്നിച്ച് ഒരു സ്ഥലത്ത് കഴിഞ്ഞാൽ പോലീസെത്തി വാതിലിൽ മുട്ടുന്ന രീതിക്ക് ഇനി മാറ്റം വരും. വിവാഹ സർട്ടിഫിക്കറ്റുമായി നടക്കേണ്ട സാഹചര്യം ഒഴിവാകും. മൂന്നാമതൊരാൾക്കു വ്യഭിചാരക്കുറ്റം ആരോപിക്കണമെങ്കിൽ അവിടെ പണത്തിനോ മറ്റു നേട്ടങ്ങൾക്കോ വേണ്ടി ശരീരം പങ്കുവയ്ക്കുന്നതാണെന്നു തെളിയിക്കണം. അത് എളുപ്പമല്ല.

ലിംഗനീതിയുടെ പേരിൽ രാജ്യത്തു നടപ്പാകുന്ന ഈ വിധിയോടെ കുടുംബബന്ധങ്ങളിലെ സംഘർഷങ്ങൾക്കും അതിന്മേലുള്ള കോടതി വ്യവഹാരങ്ങൾക്കും പുതിയ മാനം കൈവരും. വ്യഭിചാരം ക്രിമിനൽ കുറ്റമല്ലെന്നു വരുന്നതോടെ തെറ്റു ചെയ്തെന്നു കരുതുന്ന പങ്കാളിയുടെമേൽ വിവാഹമോചനമോ, നഷ്ടപരിഹാരമോ ആവശ്യപ്പെടാനുള്ള അർഹത മാത്രമേ ഭർത്താവിനോ ഭാര്യക്കോ ഉണ്ടാവൂ. ഇതു വിവാഹ സങ്കൽപങ്ങളെ തന്നെ മാറ്റി മറിക്കുമെന്നു ഭരണഘടന വിദഗ്ധനായ ഡോ. പോളി മുരിക്കൻ അഭിപ്രായപ്പെടുന്നു. ചോദ്യം ചെയ്യാനുള്ള ഭർത്താവിന്റെ അധികാരം നഷ്ടപ്പെടുന്നുവെന്നതാണ് പ്രത്യക്ഷമായി ഉണ്ടാകുന്ന സാമൂഹിക ആഘാതം. പുരോഗതിയിലേക്കുള്ള ചുവടുവയ്പായി സുപ്രീംകോടി വിധിയെ കാണുമ്പോൾത്തന്നെ ദാമ്പത്യഘടനയിൽ വിശ്വാസ്യത എന്ന മൂല്യത്തിന് ഇടിവു സംഭവിക്കുമെന്നു മനഃശാസ്ത്രജ്ഞനായ ഡോ. സി. ജെ. ജോൺ അഭിപ്രായപ്പെടുന്നു.

കുടുംബ ബന്ധങ്ങളെ നിലനിർത്താനുള്ള കുടുംബകോടതികളുടെ വ്യഗ്രത പോലും ചോദ്യം ചെയ്യപ്പെടാം. കുറ്റകൃ



ത്യമല്ലെങ്കിലും വിശ്വാസത്തകർച്ച ദാമ്പത്യബന്ധത്തെ ഉലയ്ക്കുമെന്നു വ്യക്തമാണ്.

വിവാഹേതര ബന്ധം സോമാലിയയിൽപോലും വധശിക്ഷ വരെ ലഭിക്കാവുന്ന കുറ്റമാണ്. അമേരിക്കയിൽ വിവിധ സംസ്ഥാനങ്ങളിൽ വിവിധ നിയമങ്ങളാണ്. അമേരിക്കയിലെ 20 സംസ്ഥാനങ്ങളിൽ വിവാഹേതര ബന്ധം കുറ്റകൃത്യമാണ്. ക്രിമിനൽ കുറ്റമായി കണ്ട് അപൂർവമായി വിചാരണയും നടക്കാറുണ്ട്.

ഫിലിപ്പീൻസിൽ ഒരേ കുറ്റത്തിനു രണ്ടു ശിക്ഷയാണ്. ഭാര്യ അന്യപുരുഷനുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടെന്നു തെളിയിക്കാനായാൽ, കുറ്റത്തിൽ പങ്കാളികളായ സ്ത്രീക്കും പുരുഷനും ആറുവർഷം വരെ ജയിൽശിക്ഷ ലഭിക്കും. എന്നാൽ, ഭർത്താവ് കുറ്റക്കാരനാണെന്നു ഭാര്യയ്ക്കു തെളിയിക്കാനായാൽ, പുരുഷനു നാലു വർഷം മാത്രമാണു തടവ് ശിക്ഷ.

ഇസ്ലാമിക നിയമങ്ങളുള്ള രാജ്യങ്ങളിൽ പിഴ, ജയിൽശിക്ഷ, ചാട്ടവാറടി തുടങ്ങിയ ശിക്ഷകൾ വിവാഹേതര ബന്ധത്തിനു ലഭിക്കും. കുടുംബജീവിത മൂല്യങ്ങളെ നിഷേധിക്കുന്ന വിധത്തിൽ കോടതിയിൽനിന്ന് ആവർത്തിച്ചുണ്ടാകുന്ന വിധികൾ ആശങ്ക ഉണ്ടാക്കുന്നു. സ്വവർഗരതിക്കു നിയമസാധുത നൽകി അധികം സമയമാകും മുമ്പ് വിവാഹേതര ലൈംഗിക ബന്ധത്തിന് അനുമതി നൽകിയതിൽ കുടുംബജീവിതം നയിക്കുന്നവരും കുടുംബജീവിതത്തെ ആദരിക്കുന്നവരും വലിയ ദുഃഖത്തിലാണ്. രാഷ്ട്രത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തിലുണ്ടാകുന്ന എല്ലാ വിപത്തുകളും രാജ്യത്തിന്റെ വികസനത്തെയും നന്മകളെയും ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പുതിയ കോടതിവിധി വിവാഹ സങ്കൽപങ്ങളെ തകിടം മറിക്കും. കുടുംബ ബന്ധങ്ങളുടെയും ഭാര്യ-ഭർതൃബന്ധത്തിന്റെയും പുനർവ്യാഖ്യാനത്തിനു വഴിതെളിക്കും. വിവാഹം വെറും ചടങ്ങായി മാറുന്ന സ്ഥിതി വരും. ദാമ്പത്യബന്ധത്തിലെ സുരക്ഷിതാബോധം ഇല്ലാതാകും. സദാചാര ബോധം നഷ്ടപ്പെടും. യുവതി യുവാക്കൾക്ക് അമിത സ്വാതന്ത്ര്യബോധം തോന്നും.

സാമൂഹ്യജീവിത പുരോഗതിക്ക് ചില മാനദണ്ഡങ്ങൾ, നിയമങ്ങൾ, അതിർവരമ്പുകൾ ദൈവം നിശ്ചയിച്ചിട്ടുണ്ട്. അതു ലംഘിച്ചാൽ അധാർമ്മികതയും അരാജകത്വവും ജീവിത തകർച്ചയുമായിരിക്കും പരിണിതഫലം.

# ഗൂഗിൾ@20

ഇന്റർനെറ്റ് സേർച്ച് എൻജിൻ ഗൂഗിളിന് 20 വയസ്. 97 സെക്കൻഡ് നീളുന്ന വീഡിയോയിലൂടെയാണു ഗൂഗിൾ ജന്മദിനാഘോഷം നടത്തിയത്. 1995ൽ ലാറി പേജും സെർജി ബ്രിന്നും ചേർന്നാണു ഗൂഗിൾ സ്ഥാപിച്ചത്. തങ്ങൾ തയാറാക്കിയ സേർച്ച് എൻജിനു ബാക്റൂബ് എന്നാണ് ആദ്യം പേര് നൽകിയത്. 1998 സെപ്റ്റംബർ 27-നാണ് ഗൂഗിൾ സേർച്ചിന്റെ ഔദ്യോഗിക തുടക്കം.

ഇന്റർനെറ്റ് തുടങ്ങുന്നതിന് എത്രയോ വർഷം മുമ്പുതന്നെ കമ്പ്യൂട്ടർ സേർച്ച് എൻജിനുള്ള ശ്രമം തുടങ്ങിയിരുന്നു. 1945 ജൂലൈയിൽ വാന്നവാർ ബുഷ് ആണു സേർച്ച് എൻജിൻ എന്ന ആശയം അവതരിപ്പിച്ചത്. പക്ഷേ, ഇന്റർനെറ്റ് വ്യാപകമായതോടെയാണു സേർച്ച് എൻജിനു പ്രാധാന്യം ലഭിച്ചത്. ആർക്ക് ആയിരുന്നു ആദ്യത്തെ ആധുനിക സേർച്ച് എൻജിൻ. 1990-ൽ അലൻ എംറ്റേജാണ് ഇതു തുടങ്ങിയത്. അക്കാലത്ത് നൂറോളം വെബ്സൈറ്റുകൾ മാത്രമാണ് ഉണ്ടായിരുന്നത്. പിന്നാലെ വെറോണിക്ക, ജുഹെഡ് എന്നിവയും വിപണിയിലെത്തി. എന്നാൽ 1994 ൽ ഡേവിഡ് ഫിലോ, ജെറി ലാറി യങ് എന്നിവർ ചേർന്ന് അവതരിപ്പിച്ച യാഹുവാണു കൂടുതൽ ശ്രദ്ധ ആകർഷിച്ചത്.




മൈക്രോസോഫ്റ്റിന്റെ പ്രതാപകാലത്തായിരുന്നു ഗൂഗിളിന്റെ തുടക്കം. പിന്നീട് ബിങ് എന്ന സേർച്ച് എൻജിനുമായി മൈക്രോസോഫ്റ്റ് രംഗത്തുവന്നെങ്കിലും ഗൂഗിൾ പതറിയില്ല. വർഷങ്ങൾക്കുശേഷം മൈക്രോസോഫ്റ്റിനെ ഗൂഗിൾ പിന്നിലാക്കുന്നതും ലോകം കണ്ടു. ഇന്റർനെറ്റിൽ ഏറ്റവും സ്വാധീനമുള്ള സ്ഥാപനങ്ങളിലൊന്നാണു ഗൂഗിളിപ്പോൾ. 2013 ഓഗസ്റ്റ് 16-ന്, ഗൂഗിൾ അഞ്ചു മിനിറ്റ് നേരത്തേക്ക് ഡൗണായി. ആ സമയത്തു മാത്രം ലോകത്തിലെ ഇന്റർനെറ്റ് ഉപയോഗത്തിൽ 40 ശതമാനത്തിന്റെ കുറവുണ്ടായി. ഇപ്പോൾ ലോക സേർച്ച് എൻജിൻ വിപണിയുടെ 90 ശതമാനവും ഗൂഗിളിന്റെ കീഴിലാണ്.


## അറിയാനും പറയാനും

ദൈവം സത്യമോ, മിഥ്യയോ? പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നതിന് എന്താണ് തെളിവ്? ഏകനായ ദൈവം എങ്ങനെയാണ് മൂന്നു ദൈവമാകുന്നത്? ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ ബാധിക്കുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിന് എന്ത് സാധ്യത? എന്തു യുക്തി? ആധുനീക യുഗത്തിൽ ബൈബിളിന് എന്ത് ആധികാരികതയും പ്രസക്തിയുമാണുള്ളത്? യേശു ദൈവമാകുന്നതെങ്ങനെ? ഇങ്ങനെയുള്ള ബൈബിൾ വിമർശകരുടെ ചോദ്യങ്ങൾക്കുള്ള മറുപടി എന്തെന്ന് അറിയാനും പറയാനും സഹായിക്കുന്ന പ്രസിദ്ധീകരണങ്ങൾക്ക് ബന്ധപ്പെടുക.

ടൈറ്റസ് കാർത്തികപ്പള്ളി
കേരള - 690516

9847232598
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.150 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# അനുസരിക്കുക
## പിന്നെ പ്രാർത്ഥിക്കാം

ഉണർവ്വിനു വേണ്ടി എത്രമാത്രം പ്രാർത്ഥനകളാണ് ഇക്കാലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ യാതൊരു ഫലവും കാണുന്നില്ല എന്നതാണ് സത്യം. സ്വർഗ്ഗത്തിലേക്ക് ഉയരുന്ന പ്രാർത്ഥനകളുടെ വലുപ്പം കണക്കിലെടുത്താൽ അനുഗ്രഹത്തിന്റെ മഹാമാരി ചൊരിഞ്ഞ് ദേശമെല്ലാം ഉണർവ്വിന്റെ നദികൾ കരകവിഞ്ഞൊഴുകേണ്ടതാണ്. എന്നാൽ അപ്രകാരമൊന്നും സംഭവിക്കാത്തതിനാൽ നാം നിരാശപ്പെടുകയല്ല പ്രത്യുത, എന്തുകൊണ്ടാണ് നമ്മുടെ പ്രാർത്ഥനകൾക്കു മറുപടി ലഭിക്കാത്തത് എന്ന് ആത്മാർത്ഥമായി പരിശോധിക്കുകയാണ് വേണ്ടത്.

ഭൗതിക ലോകത്തിൽ എന്നപോലെ ദൈവരാജ്യത്തിലും എല്ലാറ്റിനും അതിന്റേതായ കാരണങ്ങൾ ഉണ്ട് എന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്. നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടിയായി ദൈവം ഉണർവ്വ് അയയ്ക്കാതിരിക്കുന്നതിന്റെ കാരണം സത്യസന്ധതയോടെ ആരായുമെങ്കിൽ അതു നിശ്ചയമായും കണ്ടെത്താൻ നമുക്കു സാധിക്കും.

അനുസരിക്കുന്നതിനു പകരം പ്രാർത്ഥിക്കുന്നതാണ് നമ്മുടെ തകരാറ്. അനുസരണത്തെ പ്രാർത്ഥന കൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും മറികടക്കാൻ കഴിയുമെന്നു കരുതുന്ന ഒരു ക്രിസ്തീയതയുടെ കാലത്താണു നാം ജീവിക്കുന്നത്. അനുസരിക്കാതിരിക്കുന്നതിനു ദൈവത്തിനു നൽകുന്ന നഷ്ടപരിഹാരമാണു (Compensation) പലരുടെയും 'പ്രാർത്ഥനായജ്ഞ'ങ്ങളും ഉണർവ്വുയോഗങ്ങളും. പക്ഷേ ദൈവത്തെ കബളിപ്പിക്കാനാവില്ല. "അനുസരിച്ചു ചെയ്യാതിരുന്നാൽ നിങ്ങൾ കർത്താവിനെതിരായി പാപം ചെയ്യുന്നു. നിങ്ങളുടെ പാപം നിങ്ങളെ കണ്ടെത്തി പിടികൂടും" (സംഖ്യ.32:33).



പറഞ്ഞത് അനുസരിക്കാതിരിക്കുന്നതു പാപമാണെന്നും അനുസരണത്തിനു പകരം മറ്റൊന്നും വയ്ക്കാനാവില്ലെന്നും വ്യക്തമാക്കുന്ന മറ്റൊരു വചനം ശ്രദ്ധിക്കുക: "ശമുവേൽ പറഞ്ഞത്: യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്കു പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്" (1 ശമു.15:22).

ശമുവേൽ വഴി ദൈവം ശൗലിനു നൽകിയ കല്പന അമാലേക്യരെ നിർമ്മൂലമാക്കിക്കളയണം എന്നതായിരുന്നു. എന്നാൽ 'ദൈവത്തിനു യാഗം കഴിക്കാൻ വേണ്ടിയാണ്' എന്ന തൊടുന്യായത്തിന്റെ മറവിൽ ശൗൽ അമാലേക്യരുടെ നല്ല ആടുമാടുകളെ ഉന്മൂലനം ചെയ്യാതെ സംരക്ഷിച്ചപ്പോൾ ദൈവം, ദൈവിക പ്രമാണം ഇങ്ങനെ വ്യക്തമാക്കുകയാണ്: 'യാഗങ്ങൾ നല്ലതാണ്. എന്നാൽ കല്പന അനുസരിക്കുന്നതിന് അതു പകരമാകുന്നില്ല.' അതിന്റെ അർത്ഥം ഇന്നത്തെ കാലഘട്ടത്തിൽ ഇങ്ങനെ പറയാം: "നിന്റെ ത്യാഗങ്ങളേക്കാൾ, പ്രവർത്തനങ്ങളെക്കാൾ, പ്രാർത്ഥനായജ്ഞങ്ങളെക്കാളൊക്കെ ദൈവവചനം പറയുന്നത് അനുസരിക്കുന്നതാണു പ്രധാനം; അതാണ് ദൈവത്തിന് പ്രസാദകരം." അനുസരണത്തിനു പലപ്പോഴും തടസ്സമാകുന്നതു നുറുക്കമില്ലായ്മയും സ്വന്തയുക്തിയും അതിൽ നിന്ന് ഉരുത്തിരിയുന്ന മത്സരവുമാണ്. മുകളിൽ പറഞ്ഞ സംഭവം തന്നെ ഉദാഹരണമായെടുക്കുക. ദൈവം അമാലേക്യരുടെ കാള, ആട്, ഒട്ടകം, കഴുത എന്നിവയുൾപ്പെടെ എല്ലാറ്റിനേയും പൂർണമായി സംഹരിച്ചുകളയാനാണു ശൗലിനോട് ആവശ്യപ്പെട്ടത് (15:3). അതിനു ദൈവത്തിനു തന്റേതായ കാരണങ്ങളും ഉണ്ടായിരുന്നു. പക്ഷേ പ്രയോജനമുള്ള ആടുമാടുകളെ വെറുതെ നശിപ്പിച്ചു കളയുന്നതിന്റെ യുക്തി ശൗലിനു മനസ്സിലായില്ല. ആ നിർദ്ദേശം ഒരു വിഡ്ഢിത്തമാണെന്ന് അവന്റെ ബുദ്ധി അവനോടു പറഞ്ഞു. അവയെ നശിപ്പിച്ചുകളയാതെ സൂക്ഷിച്ചാൽ പല നല്ല കാര്യത്തിനും അത് ഉപയോഗപ്പെടുത്താം എന്നായി അവന്റെ ചിന്ത. ദൈവകല്പന യുക്തിസഹമല്ലെന്നും തന്റെ ചിന്തകളാണു യുക്തിഭദ്രമെന്നുമുള്ള കാഠിന്യത്തിലേക്കാണ് ഇത് അവനെ നയിച്ചത്.

നോക്കുക: സ്വന്തയുക്തിയിലുള്ള ആശ്രയം അവനെ ദൈവത്തിനെതിരെയുള്ള മത്സരത്തിലെത്തിച്ചു. അനുസരണമില്ലായ്മയുടെ പിന്നിൽ എപ്പോഴും ഒളിഞ്ഞു കിടക്കുന്ന ഒരു മത്സരമുണ്ട്. ദൈവത്തിന് ഇതറിയാമെന്നുള്ളതുകൊണ്ട് അവിടുന്ന് ശൗലിനെ ശാസിക്കുമ്പോൾ ആ കാര്യം അവന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. കല്പന അനുസരിക്കുന്നതാണു യാഗങ്ങളെക്കാൾ പ്രധാനമെന്ന് അവനോടു പറഞ്ഞിട്ടു തൊട്ടുതാഴത്തെ വാക്യത്തിൽ ഇങ്ങനെയാണു പറയുന്നത്: "മത്സരം ആഭിചാരദോഷം പോലെയും ശാഠ്യം മിഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു" (1 ശമുവേൽ 15:23). ഇവിടെ ശൗൽ ആരാധിക്കുന്ന വിഗ്രഹമേതാണ്? അവന്റെ തന്നെ സ്വയമാണ്. നുറുക്കമില്ലാത്ത, ശക്തമായ, സ്വയമാണ് സ്വന്തയുക്തിയുടെ അടിസ്ഥാനത്തിൽ ദൈവത്തോടു മത്സരിക്കാനും ദൈവകല്പന അനുസരിക്കാതിരിക്കാനും അവനെ പ്രേരിപ്പിച്ചത്. ഉപരിതലത്തിൽ കാണുന്ന അനുസരണമില്ലായ്മയുടെ വേരുകൾ ഇഴവിടർത്തി പരിശോധിച്ചാൽ അത് ആഴത്തിൽചെന്നു മുട്ടുന്നതു നുറുക്കമില്ലാത്ത ഒരു സ്വയത്തിലാണെന്നു വ്യക്തമാകും.

ദൈവകല്പന അനുസരിക്കാതെ പാപം ചെയ്ത ദാവീദിന് ഒടുവിൽ അതിനെക്കുറിച്ചു വെളിച്ചം ലഭിക്കുമ്പോൾ അവൻ ഈ സത്യം മനസ്സിലാക്കി 51-ാം സങ്കീർത്തനത്തിൽ അത് എടുത്തു പ്രസ്താവിക്കുന്നുണ്ട്: "ഹനനയാഗം നീ ഇച്ഛിക്കുന്നില്ല. അല്ലെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു. ഹോമയാഗത്തിൽ നിനക്കു പ്രസാദവുമില്ല. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ നീ നിരസിക്കയില്ല" (51:16,17).

ചുരുക്കത്തിൽ തകരാത്ത ഒരു സ്വയത്തിൽ നിന്നാണു സ്വന്തയുക്തിയും മത്സരവും അനുസരണമില്ലായ്മയും വരുന്നത്. പറഞ്ഞുവന്നത് വളരെ ലളിതവും വ്യക്തവുമാണ്. സഭാനേതൃത്വമോ വിശ്വാസികളോ ദൈവവചനം അനുസരിക്കാനുള്ള നേരിയ ശ്രമം പോലും നടത്തുന്നില്ല. പ്രാർത്ഥനയുടെ കുറവു മാത്രമാണ് തങ്ങളുടെ ഏക പോരായ്മ എന്ന് അവർ തെറ്റായി ധരിച്ചുപോയി. എന്നാൽ അനുതാപം, മാനസാന്തരം തുടങ്ങി എത്രയെത്ര കാര്യങ്ങളിൽ ദൈവകല്പനകൾ അനുസരിക്കാതെയാണ് മുന്നോട്ടു പോകുന്നതെന്ന നഗ്ന യാഥാർത്ഥ്യം കാണുവാൻ അവർക്കു കഴിയാതെ പോയി. "അനുസരിക്കുന്നത് യാഗത്തേക്കാളും നല്ലത്" എന്ന വചനം അവർ ഓർത്തതുമില്ല. അനുസരിക്കുന്നതിനു പകരം നാം ചെയ്യേണ്ട ഒന്നല്ല പ്രാർത്ഥന. അനുസരണത്തോടുകൂടി അല്ലാതെയുള്ള യാതൊരു പ്രാർത്ഥനകളും സർവ്വശക്തനായ കർത്താവു തന്റെ സൃഷ്ടികളിൽ നിന്നും സ്വീകരിക്കുകയില്ലായെന്നു നാം അറിഞ്ഞിരിക്കേണ്ടതാണ്. തിരുവചനത്തിലെ വ്യക്തമായ പ്രമാണങ്ങളെയും ചട്ടങ്ങളേയും, കല്പനകളേയും അവഗണിച്ചും കാറ്റിൽ പറത്തിയും ഉണർവ്വിനായി പ്രാർത്ഥിക്കുന്നത് വെറും പാഴ്വേല മാത്രമാണെന്ന് നാം ഓർക്കണം.



## സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കാൻ മൂന്ന് വഴികൾ

വികാരി എന്നു പറയുമ്പോൾതന്നെ മനസ്സിലാക്കിക്കൂടെ അയാൾക്ക് എല്ലാ വികാരങ്ങളുമുണ്ടെന്ന്. ലൗകിക ജീവിതത്തിന്റെ പ്രലോഭനങ്ങളുമായി പിശാച് പല രൂപത്തിൽ വരുമെന്നും അതിലൊന്നും പെട്ടുപോകരുതെന്നും വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും വികാരമുള്ളവർ പെട്ടുപോകുന്നു. പ്രത്യേകിച്ചും പിശാച് കാമം കുത്തിവെക്കുമ്പോൾ. ഒന്നുകിൽ ധ്യാനകേന്ദ്രങ്ങളിലൊക്കെയുള്ളപോലെ സാത്താനെ ഓടിക്കുന്ന പരിപാടിയിലൂടെ സാത്താനെ ഓടിക്കണം. അല്ലെങ്കിൽ പള്ളിവികാരി എന്നത് ഒരു ജോലിയായി കണ്ട് വിവാഹിതനായി കുടുംബമായി കഴിയുന്നവരെ ഈ ജോലിക്ക് വെക്കണം. ഇനി ഇതൊന്നുമല്ലെങ്കിൽ നിർബന്ധമായും വന്ധ്യംകരിക്കുക. സന്യാസത്തിനു ആവശ്യമില്ലാത്ത ഒരു വസ്തു എന്തിനു വെറുതെ സാത്താന്റെ പ്രലോഭനങ്ങൾക്ക് വേണ്ടി കൊണ്ടുനടക്കണം? പ്രത്യേകിച്ചും പള്ളിക്കാർതന്നെ നടത്തുന്ന ആശുപത്രികൾ ഉള്ളപ്പോൾ സംഭവം എളുപ്പവുമാണ്. ഇക്കാര്യത്തിൽ മതമേലദ്ധ്യക്ഷന്മാർ വേണ്ടത് ചെയ്താൽ ക്രിസ്ത്യാനി എന്നു തോന്നിപ്പിക്കുന്ന പേരും വെച്ച് നടക്കുന്ന എന്നെപ്പോലുള്ളവർക്ക് തലയിൽ മുണ്ടിടാതെ നടക്കാം.

-ജോയി മാത്യു



## സഭാസ്നേഹം




അപമാനിതനായ ബിഷപ്, പരിഹസിക്കപ്പെടുന്ന വൈദികർ, സംശയിക്കപ്പെടുന്ന കന്യാസ്ത്രീകൾ, കോടതി കയറുന്ന സഭാസ്നേഹികൾ... ഈ സഭാസ്നേഹികൾ ഇനിയെങ്കിലും പഠിക്കുക, ദൈവത്തെക്കാൾ പ്രസ്ഥാനത്തെ സ്നേഹിക്കുന്നതുകൊണ്ടു കിട്ടിയ തിരിച്ചടികളാണിതെല്ലാം.

ദൈവത്തിന് മക്കളും പ്രിയമക്കളുമുണ്ട്, എന്നാൽ കൊച്ചുമക്കളില്ല. ഈ ദൈവമക്കൾ തന്നെയാണ് ദൈവസഭ. സഭയ്ക്ക് മക്കൾ ഉള്ളതായി കേട്ടുകേൾവി പോലുമില്ല. എങ്കിലും അവർ തങ്ങളെ സഭാമക്കൾ എന്നേ പറയൂ. അവർ സഭാമക്കൾ എന്നാണു സ്വയം വിശേഷിപ്പിക്കാറുള്ളത്. ദൈവമക്കൾ എന്നു പറഞ്ഞോ എഴുതിയോ കാണാറില്ല. ഇപ്പോൾ, ശരിക്കും കിട്ടിയല്ലോ. ദൈവം കോൺക്രീറ്റ് പള്ളിക്കുള്ളിലല്ലെന്നു വൈകിയെങ്കിലും മനസിലായിക്കാണും.




# അറിവും അനുഭവവും: ആനി പുന്നൻ

സ്കൂൾ ദിനങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തം. എന്റെ നഴ്സിംഗ് കോളജിലെ ദിവസങ്ങൾ അങ്ങനെയായിരുന്നു.

ഇപ്പോൾ എന്റെ മുൻപിൽ ഒരു തൊഴിൽ സാധ്യത തുറന്നു കിടക്കുകയാണ്. അതിനുള്ള ഒരുക്കത്തിന്റെ ദിനങ്ങളിൽ വ്യത്യസ്തരായ ഒട്ടേറെ ആളുകളെ നഴ്സിംഗ് പഠനകാലത്തു ഞാൻ കണ്ടുമുട്ടി. അവിടെ കോളജിൽ നഴ്സസ് ക്രിസ്ത്യൻ യൂണിയനിൽ അംഗങ്ങളായ വിശ്വാസികളായ ഒട്ടേറെ നഴ്സുമാരുണ്ടായിരുന്നു. ഞാനും നഴ്സസ് ക്രിസ്ത്യൻ യൂണിയന്റെ മീറ്റിംഗുകൾക്കു പോകാൻ തുടങ്ങി. അവിടെ ഒന്നിച്ചു പാടുക, പ്രാർത്ഥിക്കുക, സന്ദേശങ്ങൾ ശ്രദ്ധിക്കുക എന്നിങ്ങനെ സന്തോഷകരമായി ഞാൻ സമയം ചെലവിട്ടു.




ധനിക കുടുംബങ്ങളിൽ നിന്നുവന്ന ചില നഴ്സുമാർ ലോകത്തോട് അനുരൂപപ്പെട്ടു പോകുന്നവരായിരുന്നു. അവർ വാങ്ങുന്ന പലതും എനിക്കു വാങ്ങാൻ കഴിവില്ലായിരുന്നു. അതു നന്നായെന്ന് എനിക്കു തോന്നി. കാരണം പല ലൗകിക കാര്യങ്ങളിൽ നിന്നും, ധൂർത്തടിക്കാൻ പണം ഇല്ലാത്തതുകൊണ്ട്, ഞാൻ സംരക്ഷിക്കപ്പെട്ടിരുന്നു. ഒരു ശരാശരി മധ്യവർഗ്ഗ കുടുംബത്തിൽ നിന്നു വന്നതുകൊണ്ട് ഞങ്ങൾക്ക് കഷ്ടിച്ചു ഞങ്ങളുടെ ആവശ്യത്തിനു മതിയായതേ ഉണ്ടായിരുന്നുള്ളു. അത് ഒരളവിൽ എത്ര അനുഗൃഹീതമായ കാര്യമാണ്!

ഞാൻ എന്റെ നഴ്സിംഗ് പഠനം ആസ്വദിച്ചുവെന്നു പറയാം. ഹിന്ദി പഠിക്കണമെന്നുള്ളതു മാത്രം എനിക്കൊരു വെല്ലുവിളിയായി തോന്നി. ബിരുദം നേടിയശേഷം തുടർന്നും പഠിക്കാനും അങ്ങനെ ഒരു നഴ്സിംഗ് അധ്യാപികയാകുവാനുമായിരുന്നു എന്റെ പദ്ധതി.

അനാട്ടമിക്ലാസുകൾ പ്രത്യേകിച്ചും രസകരമായിരുന്നു. ദൈവം എത്ര അത്ഭുതകരമായ വിധത്തിലാണു മനുഷ്യശരീരത്തിനു രൂപം നൽകിയിരിക്കുന്നത് എന്നതിനെക്കുറിച്ച് കുറച്ചൊക്കെ എനിക്ക് ആ ക്ലാസ്സുകളിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞു. ഇതേസമയം നാം നമ്മുടെ ശരീരങ്ങളെ എങ്ങനെയാണു തെറ്റായ വിധത്തിൽ ഉപയോഗിക്കുന്നതെന്നും കേടുവരുത്തുന്നതെന്നും ഞാൻ ഗ്രഹിച്ചു. ചില ഡോക്ടർമാർ, വൈദ്യശാസ്ത്രരംഗത്തെ പോലും ഏതെല്ലാം വിധത്തിൽ ദുരുപയോഗപ്പെടുത്തുന്നു! രോഗികളുടെ വേദനയും ദുരിതങ്ങളും കുറയ്ക്കുന്നതിനും പകരം ഡോക്ടർമാരിൽ ചിലരെങ്കിലും പണം ഉണ്ടാക്കാനുള്ള നെട്ടോട്ടത്തിലാണ്! എനിക്കു വലിയ നിരാശതോന്നി. കാരണം വൈദ്യശാസ്ത്രരംഗത്തെ ജോലി വളരെ മാന്യമായ ഒരു തൊഴിലായാണു ഞാൻ കണക്കാക്കിയിരുന്നത്.

ലഹരിമരുന്നിന്റെ അടിമകളായ ചിലരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമങ്ങളിൽ നിന്നു ചികിത്സയ്ക്കായി ആശുപത്രിയിൽ കൊണ്ടുവരുമായിരുന്നു. ആ വിദൂരസ്ഥലങ്ങളിൽ പോലും ലഹരിമരുന്നും മദ്യവും മൂലം പിശാച് എത്ര ജീവിതങ്ങളിലാണു നാശം വിതച്ചിരിക്കുന്നത്!

ഭ്രൂണഹത്യ പാപമാണെന്ന് എനിക്കറിയാമായിരുന്നു. എന്നാൽ പല ഡോക്ടർമാരും അതു ചെയ്യാറുണ്ട്. എന്തിന് 'ദയാവധം' പോലും ചില ഡോക്ടർമാർ നടത്തിയിരുന്നു. 'ദയാവധം' എന്നത് ആദ്യം എനിക്ക് അപരിചിതമായ ഒരു വാക്കായിരുന്നു. എന്നാൽ രോഗികളാകുമ്പോൾ വേണ്ട ചികിത്സ നൽകാതെ വൈദ്യശാസ്ത്രപരമായ രീതിയിൽ ആളുകളുടെ ജീവൻ എടുക്കുന്നതിനെയാണു ദയാവധം എന്നു പറയുന്നതെന്ന് എനിക്ക് ക്രമേണ മനസ്സിലായി. കുടുംബത്തിന് ഒരു ഭാരമായിത്തീർന്ന പ്രായമുള്ളവരിലും നീണ്ടവർഷങ്ങൾ രോഗികളായവരിലുമാണ് ഇതു സാധാരണ ചെയ്യുന്നത്. ഹോസ്പിറ്റലുകളിൽ ഇത്തരം കാര്യങ്ങൾ നടക്കുന്നുവെന്നു കണ്ടെത്തിയത് ആദ്യമൊക്കെ എന്നെ ഭയപ്പെടുത്തി. ആരോഗ്യരംഗത്തു നടമാടുന്ന തിന്മകളിലേക്ക് ആശുപത്രിയിൽ വച്ചാണ് എന്റെ കണ്ണുകൾ തുറന്നത്. ഞങ്ങൾ നഴ്സുമാരെ അപേക്ഷിച്ച് സമൂഹത്തിലെ ഉയർന്ന വിഭാഗത്തിൽപെട്ടവരാണു തങ്ങളെന്ന തോന്നൽ മിക്ക ഡോക്ടർമാർക്കും ഉണ്ടായിരുന്നു! അതുകൊണ്ടുതന്നെ ഡോക്ടറല്ലെന്നതിൽ ആദ്യം നേരിയ ഇച്ഛാഭംഗമുണ്ടായിരുന്ന എനിക്ക് ഡോക്ടർമാർ ചെയ്യുന്ന ഈ തിന്മ പ്രവൃത്തികൾ കണ്ടപ്പോൾ ഞാൻ ആജ്ഞകൊടുക്കുന്ന ഡോക്ടറല്ല മറിച്ച് ആജ്ഞ അനുസരിക്കുന്ന നഴ്സാണല്ലോ എന്നതിൽ സന്തോഷമാണു തോന്നിയത്. (തുടരും)

# കവിയുടെയും കാവൽക്കാരന്റെയും ഒരു വെള്ളിനാണയം



സന്തേയിൽ ഒരു ഫ്രഞ്ച് കവിയാണ്. ഒരിക്കൽ അദ്ദേഹം ഒരു സന്യാസാശ്രമത്തിൽ അതിഥിയായി താമസിച്ചിരുന്നു. പട്ടണത്തിൽ ചുറ്റിനടന്ന കവി തിരിച്ചെത്തിയത് അല്പം വൈകിയാണ്. അദ്ദേഹം ആശ്രമകവാടത്തിൽ ചെന്നു മുട്ടി. കാവൽക്കാരൻ പറഞ്ഞു:

"ഗെയിറ്റു തുറക്കാൻ ഒരു നിവൃത്തിയുമില്ല. വൈകിവരുന്നവരെ കയറ്റിവിടരുതെന്നാണ് ആശ്രമാധിപന്റെ കല്പന."

സന്തേയിൽ വളരെ വിനീതനായി അപേക്ഷിച്ചു:

"ഈ ഒരു പ്രാവശ്യം എന്നോട് ക്ഷമിക്കണം. ഇനി ഇങ്ങനെ ആവർത്തിക്കില്ല."

കാവൽക്കാരൻ അദ്ദേഹത്തെ കയറ്റിവിടാൻ ഒരുമ്പെട്ടില്ല. സന്തേയിൽ തന്റെ കൈവശമുണ്ടായിരുന്ന ഒരു വെള്ളിനാണയം കാവൽക്കാരന് നൽകി. സന്തോഷത്തോടെ കാവൽക്കാരൻ ഗെയിറ്റു തുറന്നുകൊടുത്തു. അകത്തുകടന്ന കവി പെട്ടെന്ന് എന്തോ മറന്നിട്ടെന്നപോലെ പറഞ്ഞു:

ക്ഷമിക്കണം എന്റെ ഒരു സഞ്ചി പുറത്തുവച്ചിരിക്കുകയാണ്. എടുത്തുകൊണ്ടുവരട്ടെ?"

വെള്ളിനാണയം കൈക്കൂലിയായി കിട്ടിയതിൽ സന്തുഷ്ടനായ കാവൽക്കാരൻ പറഞ്ഞു:

"സാർ പോകേണ്ട. ഞാൻ എടുത്തുകൊണ്ടുവരാം" എന്നുപറഞ്ഞ് അയാൾ പുറത്തിറങ്ങിയതും കവി വാതിൽ അടച്ചു സാക്ഷയിട്ടതും ഒപ്പമായിരുന്നു.

കാവൽക്കാരൻ സഞ്ചി കാണാതെ തിരിച്ചുവന്ന് കതകിൽ മുട്ടി. കവി പറഞ്ഞു: "താമസിച്ചുവരുന്നവരെ അകത്തു കയറ്റരുതെന്നത് ആശ്രമാധിപന്റെ കല്പനയാണ്."

"സാറിനെ ഞാൻ കയറ്റിയല്ലോ." കാവൽക്കാരൻ ന്യായീകരിച്ചു.

"അത്രയും പണം എനിക്കു തന്നാൽ ഞാനും വാതിൽ തുറക്കാം" കവിയും വിട്ടുകൊടുത്തില്ല.


ഒടുവിൽ കാവൽക്കാരൻ തനിക്കുകിട്ടിയ വെള്ളിനാണയം തിരികെ കൊടുത്ത് അകത്തുകയറി.

കവി പറഞ്ഞു: സഹോദരാ, നിയമം നമുക്കുവേണ്ടിയാണ്. പണത്തിനുവേണ്ടിയല്ല."

# സമയത്തിന്റെ പേര്!

| | | |
|---|---|---|
| Early morning | - | സൂര്യോദയത്തിന് രണ്ടു മണിക്കൂർ മുമ്പുള്ള സമയം |
| Dawn | - | സൂര്യോദയം |
| Morning | - | സൂര്യൻ ഉദിച്ച് 12 മണി വരെയുള്ള സമയം. |
| Early afternoon | - | 11 മണി മുതൽ 1 മണിവരെയുള്ള സമയം. |
| Noon | - | 12 മണി |
| Afternoon | - | 12 മണി മുതൽ 5 മണി വരെ |
| Late afternoon | - | 4 മണി മുതൽ 6 മണി വരെയുള്ള സമയം |
| Early evening | - | 5 മണി മുതൽ 7 മണി വരെ |
| Dusk | - | സൂര്യാസ്തമയം |
| Evening | - | 5 മണി മുതൽ 11 മണി വരെ |
| Late evening | - | 9 മണി മുതൽ 11 വരെ |
| Night | - | 11 മണി മുതൽ സൂര്യോദയം വരെ |
| Midnight | - | രാത്രി 12 മണി |
| Middle of the night | - | 1 മണി മുതൽ സൂര്യോദയത്തിന് രണ്ടുമണിക്കൂർ മുമ്പ് വരെ |





# ദൈവമന്ദിരത്തിലെ ഇടുക്കം



## ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

**ഇ**താ! ആബേൽ-മെഹോലയിൽ ജാതനായ ധനികനായ കർഷകൻ - എലിശ. ഹോരേബു മലയിൽ നിന്നും വന്ന വലിയ പ്രവാചകനായ ഏലിയാവ് അവനെ വിളിക്കുന്നു. പന്ത്രണ്ട് ഏർ കാളയെ പൂട്ടിക്കൊണ്ടിരുന്നവൻ "എന്റെ പിന്നാലെ വരിക" എന്ന പ്രവാചക ശബ്ദത്തിന് (വചനത്തിന്) അനുസരണം കാണിച്ച് പുറപ്പെട്ടു പോകുകയാണ്. ഫലമോ ദൈവം അവനെ അനുഗ്രഹിച്ചു. ഏലിയാവിനുണ്ടായിരുന്നതിന്റെ ഇരട്ടി ശക്തി അവനു ലഭിച്ചു.

കേവലം നിലത്ത് ഉഴുതുന്ന ഒരു കർഷകനായിരുന്നു എങ്കിൽ നാം ആരും ഇന്ന് എലീശയെ അറിയുകയില്ലായിരുന്നു. എലീശയും പ്രവാചക ശിഷ്യന്മാരും ഏലിയാവ് ചെയ്തതിനേക്കാൾ വലിയ കാര്യങ്ങൾ ചെയ്തു എന്നു നമുക്കറിയാം. ഉപരിയായി അവരുടെ ആത്മീയവും ഭൗതീകവുമായ നിലവാരത്തെക്കുറിച്ച് അത്യാവശ്യം ചില കാര്യങ്ങൾ നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. സമ്പന്നനായിരുന്ന ഏലീശാ സമൃദ്ധിയിലല്ല തന്റെ ശുശ്രൂഷ നിർവഹിച്ചതെന്ന് വേദപുസ്തകവും ചരിത്രവും സാക്ഷിക്കുന്നു. കലം അടുപ്പത്തുവച്ച് അതിൽ ഇടുവാൻ ധാന്യം ഇല്ലാത്ത അവസ്ഥ നാം കാണുന്നു. മാത്രമോ പ്രവാചക ശിഷ്യന്മാരിൽ ഒരാൾ മരിച്ചപ്പോൾ അയാളുടെ മക്കളെ പിടിച്ചുകൊണ്ടുപോകാൻ കടക്കാർ വന്നു എന്നുപറഞ്ഞ് നിലവിളിക്കുന്ന ഭാര്യയെ നാം കാണുന്നു (2 രാജാ.4:1-3). വളരെ ഇടുങ്ങിയതായിരിക്കുന്ന സാഹചര്യത്തിൽ അവർ പാർക്കുകയും ജീവിക്കുകയും ചെയ്തുപോന്നു. അതിനാൽ ശിഷ്യന്മാർ പ്രവാചകനോടു പറയുകയാണ്: നാം പാർക്കുന്ന ഈ സ്ഥലം വളരെ ഇടുക്കമായിരിക്കുന്നു എന്ന് നീ കാണുന്നുവല്ലോ.



ഈ ചിന്ത നമ്മെയും ഭരിക്കേണ്ടതാണ്. ഒരുപക്ഷേ ഭൗതികമായിരിക്കുന്ന സമൃദ്ധി നമ്മിൽ പലർക്കും ദൈവം നൽകി കാണും. എന്നാൽ ആത്മീയമായി നമ്മുടെ ഹൃദയം എങ്ങനെയിരിക്കുന്നു. ഇടുക്കത്തിന്റെ അവസ്ഥയിലാണോ? കൊരിന്ത്യർക്ക് അപ്പോസ്തലനായ പൗലോസ് എഴുതുമ്പോൾ ഹൃദയങ്ങളിലുള്ള ഇടുക്കത്തെക്കുറിച്ച് എഴുതുന്നു. നിങ്ങളുടെ ഹൃദയങ്ങളിലത്രേ ഇടുക്കമുള്ളത്.

ദിനവൃത്താന്തപുസ്തകത്തിന്റെ പ്രാരംഭത്തിൽ യെബ്ബേസിനെക്കുറിച്ച് നാം വായിക്കുന്നു. അവനെക്കുറിച്ച് നല്ല കാര്യങ്ങൾ പലതും പറയുവാനുണ്ടായിരുന്നു. അവൻ തന്റെ സഹോദരന്മാരേക്കാൾ മാന്യനായിരുന്നു. എന്നാൽ തന്റെ ഇടുങ്ങിയ അവസ്ഥയെക്കുറിച്ച് ബോധവാനായി ദൈവത്തോട് അവൻ പ്രാർത്ഥിക്കുകയാണ്. "നീ വാസ്തവമായി എന്റെ അതിര് വിസ്താരമാക്കണമേ."

പണമുണ്ട്, പ്രതാപമുണ്ട്, വലിയ സഭാഹാളുണ്ട്, കൂടിവരുവാൻ ധാരാളം ജനമുണ്ട്. ഈ ചിന്തകളാൽ അലംഭാവത്തോടുകൂടി ഇടുങ്ങി, ദൈവീക സാന്നിദ്ധ്യം വിട്ടകന്ന അവസ്ഥയിൽ വിശ്വാസികൾ കഴിഞ്ഞുകൂടുകയാണ്.

എമ്മുവൂസിലേക്ക് പോയ ശിഷ്യന്മാർ പറഞ്ഞതുപോലെ നേരം വൈകി അസ്തമിപ്പാറായല്ലോ. "നാഥാ ഞങ്ങളോടുകൂടെ പാർക്കേണമേ." ഈ ചിന്തയും ആവശ്യബോധവും നമുക്കുണ്ടാകേണ്ടതാണ്. ഹൃദയത്തിന്റെ ഇടുക്കം മാറി, വചനത്തിന് അനുസരണം കാണിച്ച് ദൈവസാന്നിദ്ധ്യത്താൽ നിറയപ്പെടുമ്പോൾ യിസ്രായേലിനെക്കുറിച്ച് ജാതികളുടെ പ്രവാചകന്മാർ പറഞ്ഞതുപോലെ നമ്മെക്കുറിച്ചും പറയുവാൻ ഇടവരും.

ഒരു അവിശ്വാസി നമ്മുടെ ഇടയിൽ വരുവാൻ ഇടയായാൽ പ്രസംഗത്തിന്റെ മാധുര്യവും ദൈവവചനം വിഭജിക്കുന്നതിലുള്ള കഴിവുകളേക്കാൾ കൂടുതലായി ദൈവം വാസ്തവമായി നമ്മുടെ മദ്ധ്യേയുണ്ട് എന്നറിഞ്ഞാൽ അവൻ പാപബോധമുള്ളവരായി കർത്താവിങ്കലേക്ക് തിരിയാൻ ഇടയാകും. അതിന് ഹൃദയത്തിലെ ഇടുക്കം മാറി വചനത്താലുള്ള വിശാലത വരണം. അങ്ങനെയെങ്കിൽ അവിശ്വാസികൾ നാം സേവിക്കുന്ന ദൈവത്തോട് അടുത്തുവരാൻ ഇടയാകും.

# ജീവിതവീക്ഷണവും ദൈവോന്മുഖ ജീവിതവും



**ചൈ**നയിലെ പണ്ഡിതന്മാരിൽ അഗ്രഗണ്യനായിരുന്നു സുവാങ് ചെ. അദ്ദേഹത്തിന് ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു. വാർദ്ധക്യസഹജമായ ക്ഷീണം മൂലം അദ്ദേഹം മരണശയ്യയിലായിരുന്നു. വൈദ്യന്മാരും അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാനാവില്ലെന്ന് പറഞ്ഞ് കൈവിട്ടുകളഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാരാകട്ടെ തങ്ങളുടെ ഗുരുവിനെ എപ്രകാരമാണ് സംസ്കരിക്കേണ്ടത് എന്നതിനെക്കുറിച്ച് തങ്ങൾക്കിടയിൽ ഉച്ചത്തിൽ സംസാരിച്ചുകൊണ്ടിരുന്നു.

എല്ലാം ശ്രദ്ധിച്ചുകേട്ട സുവാങ് ചെ കണ്ണു തുറന്ന് ശിഷ്യന്മാരെ അരികെ വിളിച്ച് മൃദുവായ ശബ്ദത്തിൽ ഇങ്ങനെ പറഞ്ഞു, എന്റെ മൃതദേഹം അടക്കം ചെയ്യുന്നതിനെച്ചൊല്ലി എന്തിനാണ് ഇപ്രകാരം വിഷമിക്കുന്നത്? പരന്നഭൂമിയും വിടർന്ന വാനവും എല്ലാവർക്കും ലഭിക്കുന്ന ശവപേടകമാണ്. എന്റെ മൃതദേഹത്തെ പരന്ന വെളിമ്പ്രദേശത്തെവിടെയെങ്കിലും കൊണ്ടിട്ട ശേഷം പൊയ്ക്കൊള്ളുക. അതുതന്നെയാണ് പ്രകൃതിയുടെ രീതി. ഈ രീതി ഉപേക്ഷിച്ച് ആഡംബരപൂർവം ഘോഷയാത്ര നടത്തി എന്നെ അടക്കം ചെയ്യുന്നത് എനിക്കിഷ്ടമല്ല. അതുകേട്ട് ശിഷ്യന്മാർ അത്ഭുതപ്പെട്ടുപോയി.

അവരിലൊരാൾ വളരെ വിനയാന്വിതനായി ഇപ്രകാരം പറഞ്ഞു: 'ഗുരോ, താങ്കൾ ആജ്ഞാപിച്ചതിൻപടി ചെയ്താൽ അങ്ങയുടെ ശരീരം കഴുകന്മാർ കൊത്തിവലിച്ച് ഭക്ഷിക്കുമല്ലോ.' മറുപടിയായി സുവാങ് ചെ ഇങ്ങനെ പറഞ്ഞു, 'ഭൂമിയുടെ മുകളിലാണെങ്കിൽ കഴുകന്മാർ ഭക്ഷിക്കും, ഭൂമിയ്ക്കടിയിലാണെങ്കിൽ പുഴുക്കൾ പതുക്കെ ആഹരിക്കും. എങ്ങനെയാണെങ്കിലെന്താ? കഴുകനെ സഹായിക്കരുത്, പുഴുവിനെ വേണം സഹായിക്കാൻ എന്ന തോന്നൽ എങ്ങനെ നിങ്ങൾക്കുണ്ടായി. ശിഷ്യന്മാർ സത്യം മനസിലാക്കി ആശ്ചര്യചകിതരായി.'



വിശാലമായ ജീവിതവീക്ഷണവും ഈശ്വരോന്മുഖമായ ജീവിതവും സ്വായത്തമാക്കിയവർക്കേ ഇങ്ങനെ ചിന്തിക്കാനാകൂ. നമ്മുടെ ജീവിതത്തിൽ യേശുവിന്റെ ജീവൻ നിറയുമ്പോൾ ലോകത്തെ നിസാരമായി കാണുവാൻ പ്രപ്തരാകും. തന്റെ പുത്രന്റെ സ്വരൂപത്തോട് നമ്മെ അനുരൂപരാക്കിത്തീർക്കുന്ന ദൈവത്തിന്റെ പദ്ധതി നമുക്കെല്ലാം ഇഷ്ടമുള്ള കാര്യമാണ്, കാരണം, യേശുവിന്റെ അധികാരം, സ്നേഹം, ശക്തി, അഭിഷേകം, എല്ലാം വളരെ ആഗ്രഹിക്കത്തക്കതാണ്. അതുകൊണ്ട് അതുപോലെയുള്ള ഒരാളിന്റെ സ്വരൂപത്തോട് അനുരൂപരായിത്തീരുവാൻ നമുക്ക് യാതൊരു എതിർപ്പുമില്ല. എന്നാൽ ദൈവത്തിന്റെ ഈ പദ്ധതി, ഒരു ക്രൂശിന്റെ അനുഭവത്തിലൂടെ നമ്മെ, നമ്മുടെ സ്വത്വത്തെ തകർത്തുകൊണ്ടാണ് നടപ്പാക്കാൻ പോകുന്നത് എന്നറിയുമ്പോഴാണ് നാം ആകെ ചഞ്ചല ചിത്തരാകുന്നത്. പരിശുദ്ധാത്മാഭിഷേകത്തെക്കുറിച്ചും ആത്മനിറവിനെക്കുറിച്ചും ജീവജലനദി തടസമില്ലാതെ ഒഴുകുന്നതിനെക്കുറിച്ചും അവന്റെ സ്വരൂപത്തോട് അനുരൂപരാകുന്നതിനെക്കുറിച്ചും പ്രതിപാദിക്കുന്ന വേദഭാഗമാണ് ബൈബിളിലെ ഗലാത്യർ രണ്ടാം അദ്ധ്യായം ഇരുപതാം വാക്യം. അതിൽ നാം ഇങ്ങനെ വായിക്കുന്നു: ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്. നമ്മെ ഓരോരുത്തരെ സംബന്ധിച്ചിടത്തോളം ഞാൻ എന്ന വ്യക്തിയെ അല്ലെങ്കിൽ നമ്മുടെ സ്വത്വത്തെ ഇവിടെ ക്രൂശിനോടു ചേർത്തു ബന്ധിച്ചിരിക്കുകയാണ്. അത് ഇവിടെ മരിച്ചിരിക്കുന്നു. അങ്ങനെ ക്രിസ്തുവിന്റെ ജീവൻ എന്നിൽ വെളിപ്പെടുവാനുള്ള തടസ്സം നീങ്ങിയിരിക്കുന്നു.' ഒരാൾ ഇങ്ങനെ പറയുകയുണ്ടായി: 'നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ ഒരു കുരിശുണ്ട്, ഒരു സിംഹാസനമുണ്ട്, ഞാൻ സിംഹാസനത്തിൽ ആയിരിക്കുമ്പോൾ ക്രിസ്തു ക്രൂശിലാണ്. എന്നാൽ, ക്രിസ്തു സിംഹാസനത്തിൽ ആണെങ്കിൽ ഞാൻ ക്രൂശിലായിരിക്കും.' ഒരിക്കൽ യവനന്മാർ യേശുവിനെ കാണുവാൻ വന്നു. യേശു ഈ ഭാഗത്ത് യവനന്മാരോട് പറഞ്ഞ മറുപടിയുടെ അർഥമിതാണ്: 'നിങ്ങൾ എന്നെ യഥാർത്ഥമായും കാണുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഞാൻ പോകുന്നിടത്തേക്ക് നിങ്ങളും പോകണം, എന്റെ ലക്ഷ്യം ക്രൂശാണ്. അവിടെ ഞാൻ മരിച്ച് ലോകത്തിന് ജീവൻ നൽകും. അതുകൊണ്ട് നിങ്ങൾക്ക് സത്യമായും എന്നെ കാണണമെങ്കിൽ, ഇതേ വഴി നിങ്ങളും തെരഞ്ഞെടുത്തു ജീവിക്കണം; സ്വയ ഇച്ഛകൾക്കു മരിക്കുകയും ദൈവിക ജീവനിൽ ജീവിക്കുകയും ചെയ്യുക. കഷ്ടപ്പാടുകളെയും സൗഭാഗ്യങ്ങളെയും ദൈവത്തിന്റെ കാഴ്ചപ്പാടിൽ കാണുവാനും ദൈവിക ദർശനത്തിന്റെ വെളിച്ചത്തിൽ ലൗകിക ജീവിതം നയിക്കുവാനും നമുക്കു സാധിക്കണം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# അധികാരം - ശക്തി - കർത്തൃത്വം

***“അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയർപ്പിക്കുകയും സ്വർഗത്തിൽ തന്റെ വലത്തുഭാഗത്ത് എല്ലാ വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാൽക്കീഴാക്കി വെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറയ്ക്കുന്ന അവന്റെ ശരീരമായ സഭയ്ക്ക് കൊടുക്കുകയും ചെയ്തിരിക്കുന്നു”*** (എഫേസ്യർ 1:20-23).

ക്രിസ്തുവിൽ വ്യാപരിക്കുന്ന മഹത്തായ ശക്തിയെ കുറിച്ചാണ് നമ്മുടെ വേദഭാഗം പറയുന്നത്. വ്യാപരിക്കുന്ന എന്നതിന്റെ ഗ്രീക്ക് ക്രിയ എനെർജെയിയോ, തർജിമ ചെയ്തിരിക്കുന്നതിന്റ അർത്ഥം, “സജീവമാകുക” എന്നാണ്. ഭൂതകാലത്തിൽ സംഭവിച്ച കാര്യത്തെയാണ് അയോറിസ്റ്റ് ഇന്റിക്കേറ്റീവ് ആക്ടീവ് കാണിക്കുന്നത്. അതായത്, ദൈവം ഭൂതകാലത്ത് ശക്തമായി പ്രവർത്തിച്ചു എന്നാണ്. ദൈവശക്തി ക്രിസ്തുവിൽ വ്യാപരിക്കുന്നു എന്നു പറഞ്ഞശേഷം, ആ ശക്തി എന്താണ് നേടിയത് എന്ന് പൗലൊസ് വ്യക്തമാക്കുന്നു: അവൻ അവനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചു. യേശുവിന്റെ ദൈവികത്വത്തെ തെളിയിക്കുന്നതായിരുന്നു അവിടുത്തെ ഉയർപ്പ് (റോമർ 1:4 നോക്കുക). ദൈവശക്തിയുടെ മാഹാത്മ്യത്തെ കാണിക്കുന്നതുമായിരുന്നു ഉയർത്തെഴുന്നേൽപ്. ഈ വേദഭാഗത്ത്, പൗലൊസ് ക്രൂശിനെ പറ്റി പറയുന്നില്ല കാരണം-ക്രൂശ് പ്രാധാന്യമുള്ളതുപോലെ-അവൻ ക്രൂശിന്റെ ബലഹീനതയും കാണുന്നു (2 കൊരി. 13:4), അത് ഉയർപ്പിന്റെ ശക്തിക്ക് എതിരാണ്. കൊലോ. 2:12-ൽ, യേശു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്നും ആ ഉയർപ്പിൽ പങ്കുകാരാകുവാൻ ആണ് സ്നാനം ഏൽക്കുന്നതെന്നും പറഞ്ഞപ്പോൾ, അപ്പൊസ്തലൻ ഉപയോഗിച്ചത്, നാമമായ എനെർജെയിയ ആണ്. മരിച്ചവരെ ഉയർപ്പിക്കുവാൻ വലിയ ശക്തി ആവശ്യമാണ്, ആ ശക്തി ദൈവത്തിനുണ്ട്.




അവൻ ക്രിസ്തുവിനെ മരിച്ചവരിൽ നിന്ന് ഉയർപ്പിക്കുക മാത്രമല്ല, അവനെ സകല നാമത്തിലും മേലായ നാമം നൽകി ഉയർത്തിയിരിക്കുന്നു എന്നു പറഞ്ഞ് പൗലൊസ് ദൈവത്തിന്റെ ശക്തിയെ തുടർന്നും വിശദമാക്കുന്നു: സ്വർഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് ഇരുത്തുകയും ചെയ്തിരിക്കുന്നു. “ഇരുത്തി” എന്നതു സൂചിപ്പിക്കുന്നത് വീണ്ടെടുപ്പ് പദ്ധതി പൂർത്തിയാക്കി എന്നാണ്, കൂടാതെ ആ സ്ഥാനം ആദരവിനേയും മഹത്വത്തേയും വീര്യത്തെയുമാണ് കാണിക്കുന്നത്, കാരണം ഇരുത്തിയിരിക്കുന്നത് ദൈവത്തിന്റെ “വലത്തുഭാഗത്താണ്.” പഴയനിയമ കാലത്ത്, ദൈവത്തിന്റെ “വലത്തുഭാഗം” സൂചിപ്പിക്കുന്നത് അനുകൂല സ്ഥാനവും, വിജയവും, ശക്തിയുമാണ് (സങ്കീ. 80:17; 20:6; 89:13).

ദൈവത്തിന്റെ മഹാശക്തിയാലാണ് ക്രിസ്തുവിനെ ഏറ്റവും വലിയ നാമത്തിലേക്ക് ഉയർത്തിയത്. ദൈവം അവനെ ഉയർത്തിയത് വാഴ്ച്ചക്കും (ആർച്ചെ), അധികാരത്തിനും (എക്സൗസിയ), ശക്തിക്കും (ഡുനാമിസ്), കർത്തൃത്വം (കുരിയോടെസ്) നടത്തുവാനായിരുന്നു. ആ ഗ്രീക്കു വാക്കുകളിൽ ആദ്യത്തെ രണ്ടും പൗലൊസ് 3:10ലും 6:12ലും പറഞ്ഞിട്ടുണ്ട്. ആ വേദഭാഗമനുസരിച്ച്, ദൈവത്തിന്റെ ജ്ഞാനത്തെ വാഴ്ച്ച നടത്തുന്നവർക്കും അധികാരികൾക്കും (ശക്തികൾ; കെ.ജെ.വി), അറിയിക്കേണ്ടത് സഭ മുഖാന്തരമാണ്. ക്രിസ്ത്യാനികൾക്ക് പോരാട്ടമുള്ളത് “അധികാരങ്ങളോടും വാഴ്ച്ചകളോടും ആണ്.” അതേ രണ്ട് ഗ്രീക്ക് വാക്കുകൾ തന്നെയാണ് കൊലോ.2:10-ലും 2:15ലും ഉള്ളത്. അവിടെ “അധികാരങ്ങളെയും” “വാഴ്ച്ചകളെയും”, ആയുധവർഗ്ഗം വയ്പിച്ചതു നിമിത്തം ക്രിസ്തു “ വാഴ്ചകളുടെയും അധികാരങ്ങളുടെയും” തലയാണ്. അതുകൊണ്ട് ലോകത്തിന്റെ അധികാരങ്ങൾക്കോ മറ്റു യാതൊന്നിനുമോ ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുവാൻ സാധ്യമല്ല എന്നു റോമർ 8:38, 39-ൽ പറയുന്നു. കൊലോ.1:16-ൽ, “അവൻ മുഖാന്തരവും അവന്നായിട്ടും... സൃഷ്ടിക്കപ്പെട്ടവയാണ്” “വാഴ്ച്ചകളും,” “അധികാരങ്ങളും” എന്നു പറഞ്ഞിരിക്കുന്നു.

2 പത്രൊസ് 2:10,11ലും കൊലൊ.1:16ലും, “അധികാരം” (കുറിയോടെസ്), “ശക്തി” (ഡുനാമിസ്) “വാഴ്ച്ചക്കാർ” (ആർച്ചേ), “അധികാരികൾ” (എക്സൗസിയ) എന്നു കാണാം. “അധികാരം,” “വാഴ്ച്ച,” “ശക്തി,” “അധിപതികൾ” എന്നിവ വേദഭാഗത്തിൽ ഉപയോഗിച്ചിരിക്കുന്നത് നാം എങ്ങനെ മനസിലാക്കും? ആ വാക്കുകൾ തിരുവെഴുത്തുകളിൽ വിവിധ രീതികളിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഭൗമികമായും സ്വർഗീയമായുമുള്ള അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. എങ്ങനെയായാലും ഭൂമിയിലുള്ളതിലും സ്വർഗത്തിലുള്ളവയിലും എല്ലാറ്റിലും മേലായാ സ്ഥാനം നാം ക്രിസ്തുവിനു നൽകണം (1 കൊരി.15:27).

സകല നാമത്തിലും മേലായ നാമം എന്നത് നമ്മെ ഓർമ്മിപ്പിക്കുന്നത് ഫിലിപ്പിയർ 2:9,10 ആണ്: “അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടേയും, ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങും...” ഇവിടെ എല്ലാ നാമത്തിലും മേലായ നാമം എന്നു പറഞ്ഞിരിക്കുന്നത് “യേശു” എന്ന നാമമാണ്, അർത്ഥം “യഹോവ രക്ഷകൻ” എന്നാണ്. ആ നാമത്തിന്റെ പ്രത്യേകത നമുക്ക് മത്തായി 1:21-ൽ കാണാം, അവിടെ ദൂതൻ യോസേഫിനോട് പറഞ്ഞു, “തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്ക കൊണ്ട്, നീ അവന്നു യേശു എന്നു പേർ വിളിക്കേണം.” യെശയ്യാവ് 9:6-ൽ, പ്രവാചകൻ പറഞ്ഞു, “അവൻ അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു വിളിക്കപ്പെടും.” യേശു ദൂതന്മാരേക്കാൾ ശ്രേഷ്ഠനാണെന്ന് എബ്രായർ 1:4,5 പറയുന്നു: “....ദൈവദൂതന്മാരേക്കാൾ വിശിഷ്ടമായ നാമത്തിനു അവകാശിയായതിനു ഒത്തവണ്ണം അവരേക്കാൾ ശ്രേഷ്ഠനായി തീരുകയും ചെയ്തു. ‘നീ എന്റെ പുത്രൻ, ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചിരിക്കുന്നു’ എന്നും ഞാൻ അവന്നു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും’ എന്നും ദൂതന്മാരിൽ ആരോടെങ്കിലും അരുളിച്ചെയ്തിട്ടുണ്ടോ?” അതുകൊണ്ട്, പ്രവാചകന്മാരിൽ ഒരാളായി യേശുവിനെ വിചാരിക്കുമ്പോൾ, അല്ലെങ്കിൽ, “പുത്രൻ” എന്ന് കേൾക്കുമ്പോൾ ചിന്തിച്ചുകൊള്ളണം ദൈവം അവനു നൽകിയ നാമം “എല്ലാ നാമത്തിലും.... മേലായ നാമമാണ്.” യേശുക്രിസ്തു എല്ലാ സ്ഥലത്തും, എല്ലാവരിലും, ഏറ്റവും ഉയർന്നവനായതുകൊണ്ട്, അവന്റെ നാമം എല്ലാ നാമത്തിലും മേലായ നാമമാണ്.

ആ പ്രസ്താവനകൾ ഈ ലോകത്തിൽ മാത്രമല്ല, വരുവാനുള്ള ലോകത്തിലും വാസ്തവമാണ്. “കാലം” എന്നതിനുള്ള ഗ്രീക്ക് വാക്ക് കോസ്മോസ് അല്ല, അതിന്റെ അർത്ഥം “ലോകം” എന്നാണ് (കെ.ജെ.വി) അല്ലെങ്കിൽ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചം, എന്നാൽ എയിയോൺ, പറയുന്നത് കാലയളവിനെയാണ്, അത് ഇപ്പോഴത്തെയും ഭാവിയിലേയും വസ്തുക്കളുടെ അവസ്ഥയെയാണ്. എയിയോൺ എന്ന നാമം ഉപയോഗിച്ചിരിക്കുന്നത്, ഇപ്പോഴത്തെ “ഈ കാലവും,” “വരുവാനുള്ളതും” ആണ്-അതായത് ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ സംഭവിക്കുവാനിരിക്കുന്നത്. ഇപ്പോഴും വരുവാനുള്ള ലോകത്തിലും എല്ലാറ്റിലും ഉയർന്നു നിൽക്കുന്നത് ക്രിസ്തുവാണ്. ക്രിസ്തീയ അവകാശത്തെയും (1:5,18), പ്രത്യാശയെയും (1:18), അന്തിമ വീണ്ടെടുപ്പിനേയും (1:14; 4:30), ക്രിസ്തുവിന്റെ നിത്യരാജ്യത്തേയും (5:5), ദൈവത്തെ പുകഴ്ത്തുന്നതിനെക്കുറിച്ച് പറയുമ്പോഴെല്ലാം പൗലൊസ് ഇത് ആവർത്തിച്ചാവർത്തിച്ച് പറയുന്നുണ്ട് (3:20,21).

തന്റെ മഹത്തായ ശക്തിയാൽ, ദൈവം സകലവും ക്രിസ്തുവിന്റെ കാൽക്കീഴിലാക്കിയിരിക്കുന്നു: അവൻ സകലതും അവന്റെ കാൽക്കീഴിലാക്കി വെച്ചിരിക്കുന്നു. ഹുപോടാസോ തർജിമ ചെയ്തതാണ് “കാൽക്കീഴിൽ...” എന്നത്, അത് സൈനിക പ്രയോഗമാണ്, അർത്ഥം, “ഒരാളുടെ കീഴിലാക്കുക.” സൈന്യാധിപന്റെ കീഴിൽ സൈന്യങ്ങൾ അണിനിരക്കുന്നതുപോലെ.

അതുകൊണ്ട്, അവനെ ഉയർത്തിയശേഷമുള്ള ആധിപത്യം, തീർച്ചയായും തികവുള്ളതാണെന്ന് ഹുപോടാസോയുടെ അയോറിസ്റ്റ് രൂപം വ്യക്തമാക്കുന്നു. പിതാവിന്റെ വലത്തുഭാഗത്തേക്ക് ക്രിസ്തുവിനെ ഉയർത്തിയത് സകലവും അവന്റെ കാൽക്കീഴിലാക്കി അവനെ സകലത്തിനും അധികാരിയാക്കിയ ശേഷമായിരുന്നു.

മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റശേഷം, ക്രിസ്തു പറഞ്ഞു, “സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു” (മത്താ.28:18). അവൻ എല്ലാവരുടേയും കർത്താവാണ്!

ദൈവം ക്രിസ്തുവിനെ സഭയുടെ തലയാക്കി വെച്ചു എന്നു പൗലൊസ് എഫെസ്യരോട് ഊന്നി പറയുന്നു. പ്രപഞ്ചത്തിലെ എല്ലാറ്റിന്റേയും തല ക്രിസ്തു ആയിരിക്കുന്നതിനാൽ, ദൈവത്തിന്റെ ദാനമായ സഭയുടേയും “തല” ക്രിസ്തു ആകുന്നു. “എന്തെങ്കിലും, പ്രാധാന്യമുള്ള, മുഖ്യമായ, ഉന്നതമായതിനെ... യജമാനൻ, കർത്താവ് എന്നാണ് ‘തല’ (കെഫോലെ) കൊണ്ട് അർത്ഥമാക്കുന്നത്.” ഈ സന്ദർഭത്തിൽ ക്രിസ്തു സഭയുടെ തല എന്നു പറയുമ്പോൾ, അവന് സഭയുടെ മേലുള്ള ആധിപത്യമാണ് സൂചിപ്പിക്കുന്നത്. ഈ അർത്ഥത്തിലാണ് പൗലൊസ് കൊലൊ. 2:10-ൽ ‘തല’ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്, അവിടെ പറയുന്നത് “അവൻ എല്ലാ വാഴ്ച്ചക്കും അധികാരത്തിനും തലയാകുന്നു” എന്നാണ്. ദിശാബോധത്തിനും ഉദ്ദേശത്തിനും സഭ ക്രിസ്തുവിനെയാണ് നോക്കേണ്ടത്. ക്രിസ്തുവിന്റെ മറുരൂപസമയത്ത് ദൈവം നൽകിയ നിർദ്ദേശമാണ് ഇത് നമ്മെ ഓർപ്പിക്കുന്നത്. “ഇവൻ എന്റെ പ്രിയ പുത്രൻ; ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു, ഇവന്നു ചെവി കൊടുപ്പിൻ!” (മത്താ.17:5). ക്രിസ്തുവിനെ കേൾക്കുക എന്നാൽ അവന്റെ ഇഷ്ടം ചെയ്യുക എന്നാണ് അർത്ഥമാക്കുന്നത് (എബ്രാ.9:15-17 നോക്കുക), അവന്റെ വാക്കുകൾ കൽപനകളായി കണക്കാക്കുക (1 കൊരി. 14:37), “ദൈവത്തിന്റെ അരുളപ്പാട് മാത്രം” സംസാരിക്കുവാനും ശ്രദ്ധിക്കുക (1 പത്രൊ.4:11). ആരാധനയ്ക്കായാലും, സംഘടനയ്ക്കായാലും, സുവിശേഷ പ്രവർത്തനത്തിനായാലും ശരി, ഏതിനും നോക്കേണ്ടത് ക്രിസ്തുവിനെയാണ്.

ക്രിസ്തു സഭയുടെ തലയായതുകൊണ്ട്, പ്രപഞ്ചത്തിന്റെ കർത്താവായ അവന്റെ നിയന്ത്രണത്തിലാണ് നാമെന്നു തിരിച്ചറിയുക. അവൻ സഭയെ “എല്ലാ മഹത്വത്തോടു കൂടി” സ്വീകരിപ്പാനാണ് ആഗ്രഹിക്കുന്നത് (5:27). സഭ ക്രിസ്തുവിന് പ്രാധാന്യമുള്ളതാണ്, കാരണം “അവൻ തന്നെത്താൻ അവൾക്ക് വേണ്ടി കൊടുത്തു” (5:25), അവളെ രക്ഷിക്കുകയും ചെയ്തു (5:23). പാപത്തിൽനിന്നു വിടുവിക്കപ്പെട്ട് ദൈവത്തോട് നിരപ്പ് പ്രാപിച്ച ഓരോ വ്യക്തിയും സഭയുടെ ഭാഗമാണ് (2:16). ദൈവത്തിന്റെ വിളിക്കപ്പെട്ട ജനമാണ് സഭ (1 പത്രൊ.2:9,10). അവരെ സുവിശേഷത്താലാണ് വിളിച്ചത് (2 തെസ്സ.2:14). നമ്മുടെ അനുസരണത്താൽ മാത്രമേ നാം അവന് സ്വീകാര്യമാവുകയുള്ളൂ (അ.പ്ര.2:37-47).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# നീച പുത്രന്മാർ



**ലോ**കത്തിലെ ഏറ്റവും വലിയ പിശുക്കൻ മരിക്കാൻ കിടക്കുന്ന അവസരം. തന്റെ സമയം കഴിയാറായി എന്നു മനസിലാക്കിയ അയാൾക്ക് ഒരു ആഗ്രഹം മാത്രം ബാക്കിയുണ്ടായിരുന്നു. താൻ മരിച്ചാലും തന്റെ സമ്പത്തു മുഴുവനും മക്കളിൽ ആരെങ്കിലും ഒരുവൻ ഭദ്രമായി സൂക്ഷിക്കണമെന്നതായിരുന്നു ആ ആഗ്രഹം.

അയാൾക്കു മൂന്നു പുത്രന്മാരാണ് ഉണ്ടായിരുന്നത്. അവരെ മൂന്നുപേരെയും അരികിൽ വിളിച്ചു മൂത്തവനോടു ചോദിച്ചു 'ഞാൻ മരിച്ചുകഴിയുമ്പോൾ എങ്ങനെയായിരിക്കും നീ എന്റെ ശവസംസ്കാരം നടത്തുന്നത്?' അപ്പോൾ മകൻ പറഞ്ഞു:

'വളരെ ആഡംബരമായി ശവസംസ്കാരം ഞാൻ നടത്തും. അതിനു വേണ്ടി വെള്ളികൊണ്ടുള്ള ഒരു ശവപ്പെട്ടി ഞാൻ പണിയും. സ്വർണാഭരണങ്ങളും രത്നങ്ങളും തുന്നിച്ചേർത്തു മേലങ്കി അണിയിച്ചായിരിക്കും അങ്ങയെ ഞാൻ സംസ്കരിക്കുക. സംസ്കാര കർമങ്ങൾക്കുശേഷം മൂന്നു ദിവസത്തേക്കു പാവങ്ങൾക്കു സമൃദ്ധമായ സദ്യ നൽകും.'



'നീ ഒരു വിഡ്ഢിയാണ്,' അയാൾ ക്ഷുഭിതനായി പറഞ്ഞു: 'വെള്ളികൊണ്ടുള്ള ശവപ്പെട്ടി! സ്വർണാഭരണങ്ങളും രത്നങ്ങളും അണിയിച്ച മേലങ്കി! പാവങ്ങൾക്കു മൂന്നു ദിവസം അന്നദാനം! എത്ര വലിയ ഒരു ദുർവ്യയക്കാരനെയാണ് ഞാൻ വളർത്തിയത്:' ഇത്രയും പറഞ്ഞിട്ടു അയാൾ ഏങ്ങിക്കരയാൻ തുടങ്ങി.

തന്റെ അപ്പന്റെ ശവസംസ്കാരത്തിനു അധികം പണം ചെലവാക്കുവാൻ അപ്പൻ ആഗ്രഹിക്കുന്നില്ലെന്നു മനസിലാക്കിയ രണ്ടാമത്തെ മകൻ പറഞ്ഞു: 'ചേട്ടൻ അല്ലെങ്കിലും അടിച്ചുപൊളിച്ചു ചെലവുചെയ്യുന്നവനാണ്. ഞാൻ അപ്പന്റെ ശവസംസ്കാരം ഏറ്റവും ചെലവു കുറഞ്ഞ രീതിയിൽ നടത്തിത്തരാം. സംസ്കാരകർമത്തിനു പ്രാർത്ഥന ചെയ്യാൻ നമ്മുടെ പുരോഹിതരെ മാത്രം വിളിക്കാം. പാവങ്ങൾക്ക് അന്നദാനം കൊടുക്കുന്ന പരിപാടി ഉണ്ടാവില്ല.'

ഉടനെ അയാൾ പറഞ്ഞു: 'പുരോഹിതരെ വിളിക്കും പോലും! അതിനുവേണ്ടി വരുന്ന ചെലവ് എന്തു മാത്രമായിരിക്കുമെന്നു നിനക്കു വല്ല ബോധവുമുണ്ടോ? നീയും നിന്റെ മൂത്തവനെപ്പോലെയാണ്! പണം വാരി വിതറുന്നതിന് ഒരു മടിയുമില്ല!'

അതു കേട്ടു നിന്ന ഏറ്റവും ഇളയവന് അപ്പന്റെ പിശുക്കിൽ അമർഷം തോന്നി. അവിടെ ഉണ്ടായിരുന്നവരെ നോക്കി പറഞ്ഞു: 'അപ്പന്റെ ശവസംസ്ക്കാരത്തിനായി ഞാൻ ഒരു ചില്ലി പൈസപോലും ചെലവാക്കില്ല. എന്നു മാത്രമല്ല, അപ്പൻ മരിക്കുമ്പോൾ അപ്പനെ ഉപയോഗിച്ചു ഞാൻ പണമുണ്ടാക്കും!'

ഇതുകേട്ടപ്പോൾ സന്തോഷപൂർവം അയാൾചോദിച്ചു: 'എങ്ങനെയാണ് നിനക്കതു സാധിക്കുക?' ഉടനെ ഇളയ മകൻ പറഞ്ഞു:

'അപ്പൻ മരിക്കുമ്പോൾ അപ്പന്റെ ശവശരീരം ഒരു വണ്ടിയിലാക്കി വടക്കൻ മേഖലയിൽ കൊണ്ടുപോയി അവിടെയുള്ള മെഡിക്കൽ കോളേജുകൾക്കു ലേലം ചെയ്തു കൊടുക്കും. ഏറ്റവും കൂടുതൽ പണം തരുന്നവർക്കായിരിക്കും ശവശരീരം ഞാൻ വിൽക്കുക.'

'നീയാണ് യഥാർഥത്തിൽ എന്റെ പുത്രൻ' ലുബ്ധനായ ആ മനുഷ്യൻ പറഞ്ഞു. 'നീ ആയിരിക്കും എന്റെ എല്ലാ സ്വത്തിന്റെയും അവകാശി.' ഇത്രയും പറഞ്ഞിട്ട് അയാൾ തലയിണക്കടിയിലുണ്ടായിരുന്ന താക്കോൽകൂട്ടം പുറത്തെടുത്തു.

ഉടനെ മൂത്തവൻ പറഞ്ഞു: 'അപ്പാ, അവൻ പറഞ്ഞത് എന്താണെന്ന് അപ്പൻ കേട്ടോ? അപ്പനെ അവൻ വടക്കൻ മേഖലയിലുള്ളവർക്കു വിൽക്കുമെന്നാണ് അവൻ പറഞ്ഞത്.'

അപ്പോൾ ഇളയവന്റെ മുഖത്തുനോക്കി ആ ലുബ്ധൻ പറഞ്ഞു. 'അങ്ങനെ ചെയ്യുന്നതിൽ നിന്നു പൂർണമായി നിന്നെ ഞാൻ വിലക്കുന്നു. വടക്കൻ മേഖലയിലുള്ളവർ രൊക്കം പണം തരില്ല. അവർ എപ്പോഴും കടം പറയും. എന്നെ തെക്കൻ മേഖലയിൽ കൊണ്ടുപോയി വിൽക്കൂ. അവർ ഉടനെ പണം തരും!'

ഈ ചൈനീസ് കഥ വായിക്കുമ്പോൾ ഈ കഥയിലെ നായകൻ തന്നെ ലോകത്തിലെ ഒന്നാം നമ്പർ പിശുക്കൻ എന്നു നാം തലകുലുക്കി സമ്മതിക്കും. അപ്പോഴും ഇങ്ങനെയുള്ള പിശുക്കന്മാർ ലോകത്തിലുണ്ടോ എന്നു നാം സംശയിച്ചുപോവുകയും ചെയ്യും.

ഇതുപോലെ തങ്ങളെതന്നെ വിൽക്കുന്ന പിശുക്കന്മാരെ നാം എവിടേയും കണ്ടെന്നിരിക്കയില്ല. എന്നാൽ അപ്പനെ വിൽക്കുന്ന മക്കളെ എവിടെ നോക്കിയാലും കാണാൻ കഴിയും. അപ്പന്റെ വിലയേറിയ രക്തത്തെ തെക്കും വടക്കും കിഴക്കും പടിഞ്ഞാറും നല്ല വില ലഭിക്കുന്നിടത്തൊക്കേയും ഓടിനടന്ന് വിൽക്കുന്ന കാഴ്ച നടക്കം ഉളവാക്കുന്നു. ഇവരെ യൂദാമാർ എന്നു വിളിക്കാൻ കഴിയില്ല. കാരണം യൂദാ യേശുവിനെ ഒറ്റിക്കൊടുത്തത് തെറ്റിധാരണയിൽ നിന്ന് ഉടലെടുത്ത ചിന്തയിൽ നിന്നാകാം. എന്നിട്ടും അതിനു ലഭിച്ചത് നീക്കുപോക്കില്ലാത്ത കഠിനമായ ശിക്ഷയാണ്. അപ്പോൾ ബോധപൂർവ്വം വചനവും രക്തവും വിലപേശി വിൽക്കുന്നവർക്ക് ഇവിടെ വലിയ പ്രതിഫലം ലഭിക്കുമെങ്കിലും ദൈവത്തിന്റെ പ്രതികാരത്തിനായി അവർ ഒരുക്കപ്പെടുകയാണെന്ന കാര്യം വിസ്മരിക്കരുത്. വചനത്തേയും അവിടുത്തെ രക്തത്തേയും വിലയേറിയതായി കണ്ടുകൊണ്ട് രക്ഷിച്ച് വഴിനടത്തുന്ന ദൈവത്തെ തികഞ്ഞ സ്നേഹത്തോടും ഭയത്തോടും വിറയലോടുംകൂടെ സേവിപ്പാൻ ഉൽസാഹിപ്പിൻ.

# ആത്മീയ മുതലകൾ

**നാ**ടു മുഴുവൻ വെള്ളപ്പൊക്കം! വെള്ളം, സർവത്ര വെള്ളം!

വെള്ളത്തിൽ മുങ്ങിയ കുടിൽ ചേന്നനും കുടുംബവും ഉപേക്ഷിച്ചുപോയി. ചേന്നന്റെ നായ് മാത്രം കുടിലിൽ അകപ്പെട്ടു. വെള്ളം ഉയരുന്നതുകൊണ്ട് അവൻ പുരപ്പുറത്തു കയറി. മഴ ചാറിത്തുടങ്ങി. മണിക്കൂറുകളോളം നീണ്ട മഴ.

നായ് പുരപ്പുറത്തു കുത്തിയിരുന്നു. അവന്റെ കണ്ണുകളിൽ ആരെയും കരയിക്കുന്ന നിസഹായത പ്രതിഫലിച്ചിരുന്നു. അകലെ, തുഴഞ്ഞുപോകുന്ന വള്ളക്കാരെ കണ്ടപ്പോൾ അവൻ ഹൃദയഭേദകമായി കുരച്ചു. "അയ്യോ!" എന്ന്! മനുഷ്യരെപ്പോലെ!



രാത്രിയായി. ഭയങ്കരമായ കൊടുങ്കാറ്റും മഴയും. വെള്ളം മേൽക്കൂരയെ തൊട്ടു! മേൽക്കൂര ആടിയുലയുന്നു. പെട്ടെന്ന് ഒരു നീണ്ട തല വെള്ളത്തിൽ ഉയർന്നു. അതൊരു മുതലയാണ്! പട്ടിയുടെ കുര കേൾക്കാത്ത മട്ടിൽ അതു താഴ്ന്നു. ഉഗ്രനായ നക്രം ജലത്തിൽ പകുതി ആണ്ടുകിടക്കുന്ന കുടിലിനെ ഉരസിക്കൊണ്ടു മന്ദം മന്ദം ഒഴുകിപ്പോയി. ഭയാക്രാന്തനായി വാൽ താഴ്ത്തിക്കൊണ്ടു നായ് കുരച്ചു. നക്രം ഇതൊന്നുമറിയാത്ത ഭാവത്തിൽ അങ്ങൊഴുകിപ്പോയി.

തൊണ്ണൂറ്റിയൊമ്പതിലെ 'വലിയ വെള്ളപ്പൊക്കം' വിഷയമാക്കി തകഴി എഴുതിയ 'വെള്ളപ്പൊക്കത്തിൽ' എന്ന വിശ്രുതകഥയിലെ ഈ പട്ടിയും മുതലയും പുതിയ കാലഘട്ടത്തിൽ നമ്മെ പലതും ഓർമിപ്പിക്കുന്നു.

ഈ കഥയിലെ മുതല എങ്ങോട്ടും പോയില്ല. കുടിലിനടുത്ത്, പട്ടിയെ അടുത്തുകിട്ടാൻ തക്കംപാർത്ത് വെള്ളത്തിൽ മറഞ്ഞുകിടന്നു. ഒരു രാത്രികൂടി കഴിഞ്ഞപ്പോൾ, വെള്ളം മേൽക്കൂരയെ മുക്കിയപ്പോൾ നായെക്കടിച്ചെടുത്ത് അത് വെള്ളത്തിലേക്കു മറഞ്ഞു! 'ഠേ!' എന്നൊരു അടി ശബ്ദം മാത്രമേ കേട്ടുള്ളൂ! പട്ടി മുതലയുടെ വായിലായി. അവന്റെ ആകുലതകളും പ്രതീക്ഷകളും ഒരൊറ്റ 'ഠേ' യിൽ തീർന്നു! നിർവികാരമായ കാലംപോലെ, മുതല അതിന്റെ വഴിക്കുപോയി.

ഇന്നത്തെ സാമൂഹികാവസ്ഥയിൽ ഒരു രഹസ്യ വോട്ടെടുപ്പു നടത്തിയാൽ ഈ മുതല ജയിക്കുമെന്നതിൽ സംശയമില്ല. 'ജീവിക്കാൻ പഠിച്ച മുതല ചിലപ്പോൾ ഒരു അവാർഡ് കൂടി തരമാക്കിയേക്കും! പട്ടിക്കു വേണ്ടി കണ്ണീരൊഴുക്കാൻ കുറച്ചുപേരെ കിട്ടിയെങ്കിലായി!

ദയനീയമായി കരയുന്ന പട്ടിയുടെ സമീപത്തുകൂടി ഭീകരനായ മുതല ഒന്നുമറിയാത്ത മട്ടിൽ നീങ്ങിപ്പോയ രംഗമാണു സത്യത്തിൽ, തകഴിയുടെ ഈ കഥയിലെ ഏറ്റവും ഭീകരമായ ഭാഗം. അത് ക്രൂരതയും സ്വാർത്ഥതയു കുടിലതയും നിറഞ്ഞ മലയാള സാഹചര്യങ്ങളേയും നമ്മൾ തിരിച്ചുപിടിക്കേണ്ട ദയയുടെയും സഹാനുഭൂതിയുടെയും സ്നേഹത്തിന്റെയും തുരുത്തുകളെ ഓർമിപ്പിക്കുന്നു.

തകഴിയുടെ കഥയിലെ മുതല പെരിയാറിൽ പണ്ട് ശ്രീശങ്കരന്റെ കാലിൽ പിടികൂടിയ ഇനമല്ല. 'ഗജേന്ദ്രമോക്ഷ'ത്തിലെ നക്രവുമല്ല. ഇതു തനി മലയാളി മുതലയാണ്! ഒന്നുമറിയില്ലെന്ന ഭാവത്തിൽ പതുങ്ങിവന്ന് 'ഠേ!-ന്ന് എല്ലാം വിഴുങ്ങുന്ന മിടുക്കൻ!

ഇത്തരം മുതലകൾ ആത്മീയ പ്രളയാന്തരീക്ഷത്തിൽ നീന്തിത്തുടിച്ച് നമ്മെ വെട്ടിവിഴുങ്ങാൻ തുടങ്ങിയിട്ട് കാലംകുറച്ചായി. ദൈവത്തിന്റെ കോൺട്രാക്ടർമാർ എന്ന പേരിൽ അവർ നമുക്കുചുറ്റും ക്ഷമയോടെ പതുങ്ങി കിടക്കുന്നു! ദൈവവുമായുള്ള അദൃശ്യബന്ധം മുറിച്ചുകളഞ്ഞവർ. ആത്മാവും ആത്മീയതയും അവർക്ക് ക്രയവിക്രയ വസ്തുക്കൾ മാത്രം

മൃഗവും മനുഷ്യനും തമ്മലുള്ള ദൂരം കുറഞ്ഞുവരികയാണോ എന്നാണു സംശയം. മൃഗത്തെ മനുഷ്യനാക്കി മാറ്റിയ പ്രകൃതിക്ക് മനുഷ്യനെ മൃഗമാക്കി മാറ്റാനും മടിയുണ്ടാകില്ലെന്ന് ഇടശേരി എഴുതിയിട്ടുണ്ട്:

"പരിണാമം മൃഗത്തിനെ
മർത്ത്യനാക്കി, നന്നായ്, പക്ഷെ,
തിരിച്ചടിയുണ്ടാവില്ലെ-
ന്നിനിയാർ കണ്ടു?' -എന്നാണ് അദ്ദേഹം ചോദിച്ചത്. ഒരിക്കൽ മുതലയായി മാറിയവരെ പ്രകൃതി പിന്നീടു മനുഷ്യരാക്കുകയില്ല. ഇതാണ് പ്രകൃതിയുടെ തിരിച്ചടികളിലൊന്ന്. അതുകൊണ്ടുതന്നെ ആത്മീയ മുതലകൾ മാനസാന്തരപ്പെടുമെന്ന പ്രതീക്ഷ വേണ്ട



# വേദാഭിമാനിയുടെ മറുപടി



***ഭൂമിക്ക് 4000-6000 വർഷത്തെ പഴക്കമേയുള്ളുവെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ഇത് തികച്ചും തെറ്റല്ലേ? ഉല്പത്തി പുസ്തകത്തിൽ സൃഷ്ടിപ്പിനോടുള്ള ബന്ധത്തിൽ വെളിച്ചമുണ്ടാകട്ടെയെന്ന് ദൈവം കല്പിക്കുമ്പോൾ വെള്ളവും ഇരുളും ഉണ്ടായിരുന്നതായി കാണുന്നു. അങ്ങനെയെങ്കിൽ ദൈവം കല്പിക്കുന്നതിനുമുമ്പുതന്നെ സൃഷ്ടിപ്പ് നടന്നു കഴിഞ്ഞില്ലേ? പാഴും ശൂന്യവുമായ (ഉല്പത്തി 1:2) ഒരു ഭൂമി ദൈവം സൃഷ്ടിച്ചതെന്തിനാണ്. വേദപുസ്തകത്തിലെ ഈ വൈരുദ്ധ്യങ്ങൾക്ക് എന്ത് മറുപടിയാണ് പറയാനുള്ളത്?***

പി.വി.ചന്ദ്രൻ, മേച്ചേരിൽ കടുത്തുരുത്തി, കോട്ടയം

ഭൂഗോളം സൃഷ്ടിക്കപ്പെട്ടിട്ട് ആറായിരം വർഷമേ ആയിട്ടുള്ളു എന്നു വേദപുസ്തകം പഠിപ്പിക്കുന്നതായി ചിലർ വിചാരിക്കുന്നു. വേദപുസ്തകം അങ്ങനെ പഠിപ്പിക്കുന്നില്ല. ഉല്പത്തി പുസ്തകം 1-ാം അദ്ധ്യായത്തിൽ സൃഷ്ടിപ്പിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന വിവരണം ഉള്ളവണ്ണം ഗ്രഹിക്കാത്തതിനാലുള്ള ഒരു ധാരണയാണത്. ആറു ദിവസത്തെ സംഭവങ്ങളായി അവിടെ പറഞ്ഞിരിക്കുന്നതു ഭൂസൃഷ്ടിപ്പിനെക്കുറിച്ചാണെന്നു അവർ ധരിച്ചിരിക്കുന്നു. ഭൂമി സൃഷ്ടിക്കപ്പെട്ടത് ആ ആറു ദിവസങ്ങളിലല്ല, പ്രത്യുത 'ആദിയിൽ' ആണെന്നു 1-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നു. ആ ഭൂമി പില്ക്കാലത്തു 'പാഴും ശൂന്യവും' ആയിത്തീർന്നു പോയതിനെ ആറുദിവസം കൊണ്ടു പുതുക്കി യഥാസ്ഥാനപ്പെടുത്തുകയായിരുന്നുവെന്ന് ആ അദ്ധ്യായം സൂക്ഷ്മമായി പരിശോധിച്ചാൽ ഗ്രഹിക്കാവുന്നതാണ്.

എബ്രായ വേദപുസ്തകത്തിൽ 'സൃഷ്ടിക്ക' എന്നതിനുള്ള ക്രിയാപദം ബാറാ എന്നാകുന്നു. 'ഇല്ലായ്മയിൽ നിന്നു വിളിച്ചുവരുത്തുക' എന്നതാണിതിന്റെ അർത്ഥം. ഈ ക്രിയാപദം ഉല്പത്തി 1:1-ൽ ഉപയോഗിച്ചിരിക്കുന്നു. എന്നാൽ ആറുദിവസത്തെ പ്രവർത്തനങ്ങളെക്കുറിച്ചു വിവരിക്കുന്നിടത്ത് 'ഉണ്ടാക്കുക' എന്ന ക്രിയാപദം ഉപയോഗിച്ചിരിക്കുന്നു. ഇതിനുള്ള എബ്രായപദം ആസാഹ് എന്നത്രെ. നിലവിലിരിക്കുന്ന വസ്തുക്കളിൽ നിന്ന് എന്തെങ്കിലും രൂപപ്പെടുത്തുന്നതിനുപയോഗിക്കുന്ന പദമാണിത്. ഉല്പത്തി 1-ൽ കാണുന്ന ആറു ദിവസങ്ങളിലല്ല ഭൂസൃഷ്ടിപ്പ് നടന്നതെന്ന് ആ വിവരണഭാഗംതന്നെ തെളിയിക്കുന്നു. എങ്ങനെയെന്നാൽ ഒന്നാം ദിവസം വെളിച്ചം ഉണ്ടായി എന്നു കാണുന്നുവല്ലോ. 'വെളിച്ചം ഉണ്ടാകട്ടെ' എന്നു യഹോവ കല്പിക്കുമ്പോൾ വെള്ളവും ഇരുളും ഉണ്ടായിരുന്നതായി പറയപ്പെട്ടിരിക്കുന്നു; വെള്ളം സൃഷ്ടിയിൽപ്പെട്ടതാണല്ലൊ. ഇരുളും അങ്ങനെതന്നെ (യെശ.45:7). ആകയാൽ ഒന്നാം ദിവസം വെളിച്ചം ഉണ്ടാകുന്നതിനു മുമ്പുതന്നെ സൃഷ്ടിപ്പ് നടന്നു കഴിഞ്ഞിരുന്നു എന്നു വ്യക്തം. 'ആദിയിൽ' തന്നെ ഭൂമിയും സൃഷ്ടിക്കപ്പെട്ടതാണ്. 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു' (ഉല്പത്തി 1:1) എന്ന് എഴുതപ്പെട്ടിരിക്കുന്നത് അതു നിമിത്തമത്രെ.



ഉല്പത്തി 1:1-ൽ നിന്ന് അനേകർ മനസ്സിലാക്കുന്നത് ഭൂമി സൃഷ്ടിക്കപ്പെട്ടപ്പോൾ അതു 'പാഴും ശൂന്യവും' ആയിരുന്നു എന്നാണ്. ഭൂമിയെ ദൈവം പാഴായും ശൂന്യമായും സൃഷ്ടിച്ചിട്ടു പിന്നീട് അത് ഇന്നു കാണുന്ന രൂപം പ്രാപിച്ചു എന്നത്രേ അവരുടെ ധാരണ. എന്നാൽ ദൈവം ഭൂമിയെ പാഴായി സൃഷ്ടിച്ചില്ല എന്നു വേദവാക്യം തെളിവായി പറഞ്ഞിരിക്കുന്നു (യെശ.45:18 നോക്കുക). 'പാഴായിട്ടല്ല അവൻ അതിനെ സൃഷ്ടിച്ചത്.' ഒരു മനോഹര ഗോളമായിട്ടത്രെ. അതു പിന്നീടു പാഴും ശൂന്യവും ആയിതീർന്നുപോയി എന്നത്രെ. ഉല്പത്തി 1:2-ൽ എഴുതിയിരിക്കുന്നത്. സകല ദൂതഗണങ്ങളും ആർത്തുഘോഷിച്ചുകൊണ്ടിരിക്കുന്ന സന്തോഷ മുഹൂർത്തത്തിൽ യഹോവയായ ദൈവം തന്റെ തൃക്കൈകൊണ്ട് ഈ ഭൂമിക്ക് അടിസ്ഥാനമിട്ടു (എബ്രായർ 11:3, ഇയ്യോബ് 26:7; 38:6).

അതിമനോഹരമായി സൃഷ്ടിക്കപ്പെട്ട ഭൂഗോളത്തിൽ സ്വർഗ്ഗത്തിലെ പറുദീസായുടെ പ്രതിഛായയായി ദൈവത്തിന്റെ തോട്ടം ദൈവം സ്ഥാപിച്ചു. ലൂസിഫറിന്റെ രാജധാനിയായി അതു സ്ഥാപിച്ച് അവനെ അതിൽ വാഴിച്ചു. അവനും അവന്റെ കീഴിലുള്ള ദൂതന്മാരും ദീർഘ ദീർഘ യുഗങ്ങൾ അവിടെ വസിച്ചുവരവേ അവന്റെ അന്തർഭാഗം സാഹസം കൊണ്ടു നിറഞ്ഞ് അവൻ നിഗളിച്ചു (1 തിമൊഥിയോസ് 3:6). അവന്റെ ആധിപത്യത്തിൽ ഉണ്ടായിരുന്ന ദൂതന്മാർ അവനോടു ചേർന്നു. അങ്ങനെ അവർ സൈന്യങ്ങളുടെ യഹോവയോടു മത്സരിച്ചു (1 ശമുവേൽ 15:23; യെശയ്യാവ് 14:12-14).

സർവ്വശക്തനായ ദൈവമാകട്ടെ, അവന്റെ പ്രകാശവും സൗന്ദര്യവും അതോടനുബന്ധിച്ചുള്ള സകല പ്രതാപങ്ങളും മധുരിമകളും അവനിൽ നിന്നും അവന്റെ അനുയായികളിൽ നിന്നും എടുത്തുകളഞ്ഞു. തൻനിമിത്തം അവർ അന്ധകാരത്തിന്റെ ദൂതന്മാരായി പരിണമിച്ചു. കർത്താവ് അവരെ ഭൂഗോളത്തിൽനിന്നു വെളിയിലേക്ക്, അന്തരീക്ഷത്തിലേക്കുതന്നെ തള്ളിക്കളയുകയും ചെയ്തു. ഇതോടുകൂടെ ഭൂഗോളം പാഴും ശൂന്യവുമായിതീർന്നു സങ്കീർണ്ണാവസ്ഥയെ പ്രാപിക്കുകയുണ്ടായി. ഉല്പത്തി 1:2-ൽ 'ഭൂമി പാഴും ശൂന്യവും ആയിരുന്നു' എന്നതിൽ 'ആയിരുന്നു' (was) എന്നു ഭാഷാന്തരം ചെയ്തിരിക്കുന്ന എബ്രായപദം 'ആയിത്തീർന്നു' (became) എന്നു ഭാഷാന്തരം ചെയ്യപ്പെടണമെന്ന് എബ്രായ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഭൂതലത്തിന്റെ ഈ സങ്കീർണ്ണാവസ്ഥയെക്കുറിച്ച് യിരെമ്യാപ്രവാചകൻ ഇവ്വണ്ണം വർണ്ണിച്ചിരിക്കുന്നു: 'ഞാൻ ഭൂമിയെ നോക്കി അതിനെ പാഴും ശൂന്യവുമായി കണ്ടു; ഞാൻ ആകാശത്തെ നോക്കി അതിനു പ്രകാശം ഇല്ലാതെയിരുന്നു. ഞാൻ പർവ്വതങ്ങളെ നോക്കി; അവ വിറയ്ക്കുന്നതു കണ്ടു (യിരെമ്യാവ് 4:23-26).

പാഴായും ശൂന്യവുമായുള്ള അവസ്ഥ ഭൂമിക്കു സംഭവിച്ചവിധം ഇയ്യോബു വിവരിക്കുന്നുണ്ട്. 'അവൻ പർവ്വതങ്ങളെ അവ അറിയാതെ നീക്കിക്കളയുന്നു. തന്റെ കോപത്തിൽ അവയെ മറിച്ചുകളയുന്നു. അവൻ ഭൂമിയെ സ്വസ്ഥാനത്തു നിന്ന് ഇളക്കുന്നു. അതിന്റെ തൂണുകൾ കുലുങ്ങിപ്പോകുന്നു. അവൻ സൂര്യനോടു കല്പിക്കുന്നു. അത് ഉദിക്കാതിരിക്കുന്നു. അവൻ നക്ഷത്രങ്ങളെ പൊതിഞ്ഞു മുദ്രയിടുന്നു' (ഇയ്യോബ് 9:5-7).

ഭൂമി പാഴും ശൂന്യവുമായിത്തീർന്നപ്പോൾ അത് അന്ധകാരത്താൽ ആവരണം ചെയ്യപ്പെട്ടിരുന്നു എന്നും വെള്ളത്താൽ മൂടപ്പെട്ടിരുന്നുവെന്നും ഉല്പത്തി 1:2-ൽ കാണുന്നുവല്ലോ. അതു സംഭവിച്ചത് എവ്വിധമായിരിക്കുമെന്ന് ഇയ്യോബിന്റെ ഈ പ്രസ്താവനയിൽ പ്രകടമാണ്. അതായത് ഭൂഗോളം അതിന്റെ സ്വസ്ഥാനത്തു നിന്ന് ഇളകപ്പെടുകയും അച്ചുതണ്ടിനു കോട്ടം തട്ടുകയും ഭൂമിയുടെ പന്ഥാവിന് മാറ്റം സംഭവിക്കുകയും അങ്ങനെ സൂര്യനിൽ നിന്നു വെളിച്ചം ഭൂമിയിലേക്കു ലഭിക്കാതിരിക്കുകയും ചെയ്തു. സൂര്യനിൽ നിന്നു വെളിച്ചം ലഭിക്കാതെ ഭൂമി അന്ധകാരാവൃതമായിത്തീരുമ്പോൾ സംഭവിക്കുന്നത് ഇതു വെള്ളത്താൽ ആവൃതം ആയിത്തീരുമെന്നുള്ളതാകുന്നു.

ഭൂമി ഇപ്രകാരം സങ്കീർണ്ണാവസ്ഥയിൽ എത്ര കാലം കിടന്നുവെന്നു നിർണ്ണയിച്ചുകൂടാ. ദീർഘ ദീർഘ യുഗങ്ങൾ അങ്ങനെ കിടന്നിരുന്നു എന്നത്രെ വിചാരിക്കേണ്ടത്. ആ കാലയളവിൽ ഭൂമി ഒരു ഗ്രഹം എന്ന നിലയിൽ നിന്നു നാസ്തിയായി പോകാതിരിക്കേണ്ടിതിനുവേണ്ടി 'ദൈവത്തിന്റെ ആത്മാവു വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു' (ഉല്പ.1:2). ഇങ്ങനെ പാഴും ശൂന്യവുമായിത്തീർന്നുപോയ ഭൂമിയെ പുതുക്കി യഥാസ്ഥാനപ്പെടുത്തുന്ന വസ്തുതയാണ് ഉല്പത്തി 1:2 മുതൽ കാണുന്നത്.

***രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ജനിച്ച ഒരു മനുഷ്യൻ എങ്ങനെയാണ് ദൈവമാകുന്നത്? ദൈവത്തിന് ജനനവും മരണവും ഇല്ലാതിരിക്കെ യേശുവിന് ഇത് രണ്ടും ഉണ്ടായതായി ബൈബിൾ പറയുന്നുണ്ടല്ലോ? ബൈബിളിൽ യേശു ദൈവപുത്രനും മനുഷ്യപുത്രനും മാത്രമാണല്ലോ. എന്നിട്ടും ക്രിസ്ത്യാനികൾ യേശുവിനെ ദൈവമായി അംഗീകരിക്കുന്നത് അബദ്ധവും ബൈബിൾ നിഷേധവുമല്ലേ.***

-അബ്ദുൾ ലത്തീഫ്, എടരിക്കോട്, മലപ്പുറം

തുടർച്ച 8

പ്രാർത്ഥനയ്ക്ക് ഉത്തരം തരാൻ കഴിയുമെന്ന് യേശു പറയുന്നു (യോഹ.14:13,14). തന്നെ അനുഗമിക്കുന്നവർ തന്റെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും താൻ ഉണ്ടെന്നു പറയുന്നു (മത്താ.18:20). സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും തനിക്കാണെന്ന് യേശു പറയുന്നു (മത്താ.28:18). എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നത് പോലെ പുത്രനേയും ബഹുമാനിക്കേണ്ടതാകുന്നു എന്നും യേശു പറഞ്ഞു: "എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നത് പോലെ പുത്രനേയും ബഹുമാനിക്കേണ്ടതിന്നു പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനുകൊടുത്തിരിക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല" (യോഹ.5:22,23).

പിതാവിനെ ബഹുമാനിക്കാനുള്ള ഒരു മാർഗ്ഗം പിതാവിനെ ആരാധിക്കുന്നതാണ്. യേശുവിനെ അനുഗമിച്ചവർ അവനെ ധാരാളം അവസരങ്ങളിൽ ആരാധിച്ചിട്ടുണ്ട്. യേശു തന്റെ ജീവിതത്തിലുടനീളം ആരാധിക്കപ്പെട്ടു എന്ന് സുവിശേഷങ്ങൾ സാക്ഷീകരിക്കുന്നു. ജനിച്ചപ്പോൾ (മത്താ.2:11). തന്റെ ശുശ്രൂഷാ കാലയളവിൽ (മത്താ.14:33; യോഹ.9:38). ഉയർത്തെഴുന്നേൽപ്പിന് ശേഷം (മത്താ.28:17). സ്വർഗ്ഗാരോഹണത്തിനു ശേഷം (ലൂക്കോ.24:52). മാത്രമല്ല, യേശുവിന്റെ ശിഷ്യനായിരുന്ന തോമസ്, "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് അവനെ അഭിസംബോധന ചെയ്തു (യോഹ.20:28).

പഴയനിയമത്തിൽ യഹോവയായ ദൈവത്തിനുള്ള എല്ലാ സ്വഭാവ വിശേഷങ്ങളും യഹോവയ്ക്കു നൽകിയിട്ടുള്ള എല്ലാ പദവികളും നാമങ്ങളും യേശുക്രിസ്തുവിനും ബൈബിൾ നൽകിയിട്ടുണ്ട്. യഹോവ എല്ലാം അറിയുന്നു (സങ്കീ.147:5). യേശു എല്ലാം അറിയുന്നു (യോഹ.16:30). യഹോവ മാത്രം എല്ലാ മനുഷ്യന്റെയും ഹൃദയം അറിയുന്നു (1 രാജാ. 8:39; യിരെ.17:9-10). യേശു എല്ലാ മനുഷ്യരുടെയും ഹൃദയം അറിയുന്നു (യോഹ.2:24-25; വെളി.2:18,23).

യഹോവ നമ്മെ ശുദ്ധീകരിക്കുന്നു (പുറ.31:13); യേശു നമ്മെ ശുദ്ധീകരിക്കുന്നു (എബ്രാ.10:10); യഹോവ നമ്മുടെ സമാധാനം (ന്യായാ.6:23); യേശു നമ്മുടെ സമാധാനം (എഫേ.2:14); യഹോവ നമ്മുടെ നീതി (യിരെ.23:6); യേശു നമ്മുടെ നീതി (1 കൊരി.1:30); യഹോവ നമ്മുടെ സൗഖ്യദായകൻ (പുറ.15:26); യേശു നമ്മെ സൗഖ്യമാക്കുന്നു (അ.പ്ര.9:34); യഹോവ ജീവദാതാവും തന്റെ ജനത്തെ തന്റെ കയ്യിൽ നിന്നും പിടിച്ചുപറിക്കുവാൻ ആരെയും അനുവദിക്കാത്തവനും (ആവ.32:39); യേശു ജീവദാതാവും തന്റെ ജനത്തെ തന്റെ കയ്യിൽ നിന്നും പിടിച്ചുപറിക്കുവാൻ ആരേയും അനുവദിക്കുന്നതുമില്ല (യോഹ.10:28); യഹോവയുടെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ ആകുന്നു (യെഹ.43:2); യേശുവിന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ ആകുന്നു (വെളി.1:15); യഹോവ സർവ്വവ്യാപി ആകുന്നു (സദൃ.15:3; യിരെ. 23:24; 1 രാജാ. 3:27); യേശു സർവ്വവ്യാപി ആണ് (യോഹ.1:48; മത്താ.18:20, 28:20); യഹോവ മാറാത്തവൻ (മലാഖി 3:6); യേശു മാറാത്തവൻ (എബ്രാ.13:8); യഹോവയായ ദൈവത്തെ മാത്രമേ നാം സേവിക്കുവാൻ പാടുള്ളു (2 രാജാ.17:35); യേശുവിനെ നാം സേവിക്കണം (കൊലൊ.3:24); യഹോവയായ ദൈവത്തെ മാത്രമേ നാം ആരാധിക്കാൻ പാടുള്ളു (പുറ.34:14). (തുടരും)

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com
YouTube
vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 150/-


Postal Registered No : KL/MVK/184/2018-2020
Posted on 15, 20 November 2018
at RMS Kayamkulam
Published on Ist November 2018
RNI Registered No. KERMAL/2002/7361

# അധികാരലഹരി
## അത് പണത്തിന്റെ കെണി



**ക**മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചിരുന്ന കാലം. നാട്ടിലെ ഒരു ചായക്കടയാണു രംഗം. അലമാര നിറയെ പരിപ്പുവടയും ദോശയും പഞ്ഞിപോലുള്ള ഇഡ്ഡലിയും. സ്ഥലത്തെ പ്രധാന ദിവ്യന്മാർ ബീഡി വലിച്ചും ചായ കുടിച്ചും പത്രം വായിച്ചും രസിക്കുന്നു. അവർക്കിടയിലേക്ക് ഒരാൾ വന്നുകയറി; നടന്നു ക്ഷീണിച്ച ഒരു ചെറുപ്പക്കാരൻ. 'മുഷിഞ്ഞ ഷർട്ടും മുണ്ടും, കൈയിലൊരു സഞ്ചിയുമുണ്ട്.

പോലീസിന്റെ കണ്ണുവെട്ടിച്ചു നടക്കുന്ന കമ്യൂണിസ്റ്റുകാരുടെയും അവരെ വലയിലാക്കാൻ നടക്കുന്ന സി.ഐ.ഡി.കളുടെയും കാലമായതിനാൽ അപരിചിതരെ നാട്ടുകാർ ഭയാശങ്കകളോടെയാണു വീക്ഷിച്ചിരുന്നത്. സി.ഐ.ഡിയേത്, കമ്യൂണിസ്റ്റേത് എന്നു തിരിച്ചറിയാനാവാത്ത അവസ്ഥ. ഇരുകൂട്ടർക്കും ഹൈവോൾട്ടേജായിരുന്നു. തൊട്ടാൽ കറന്റടിക്കും!



സഞ്ചി മേശപ്പുറത്തുവച്ച് ചെറുപ്പക്കാരൻ കൈകഴുകാൻ പോയി. ആ തക്കത്തിന് കടക്കാരൻ സഞ്ചിയിലേക്ക് ഒന്നെത്തിനോക്കി. സഞ്ചിയുടെ കീറിയ ഭാഗത്തുനിന്ന് എന്തോ തള്ളി നിൽക്കുന്നു. തോക്കോ, ബോംബോ വെട്ടുകത്തിയോ, ബദൽരേഖയോ? ചായകുടിച്ചുകൊണ്ടിരുന്ന രണ്ടു സി.ഐ.ഡി.കളെ കടയുടമ വിവരമറിയിച്ചു. അവർ സഞ്ചി പരിശോധിച്ചു. ഏതാനും കടലാസുകളും ഒരു പഴയ നോട്ടുബുക്കും, ബൈനോക്കുലറും കിട്ടി. സി.ഐ.ഡി.കൾ ബൈനോക്കുലർ എന്ന സംഭവം കണ്ടിട്ടുണ്ടായിരുന്നില്ല. കൈകഴുകി മടങ്ങിവന്ന പയ്യനെ ചോദ്യംചെയ്തപ്പോഴാണു കുന്ത്രാണ്ടം ദൂരദർശിനിയാണെന്നു മനസിലായത്. അതോടെ സി.ഐ.ഡി.കൾക്കു കൗതുകമായി. കുട്ടികളെപ്പോലെ ദൂരക്കാഴ്ചകൾ കണ്ടുരസിച്ചു. ഇതിനിടെ ആഗതൻ സഞ്ചിയുമായി സ്ഥലം കാലിയാക്കി! ഉന്നത കമ്യൂണിസ്റ്റ് നേതാക്കൾക്കുള്ള കത്തുകളും രഹസ്യരേഖകളും ഒളിയിടങ്ങളുടെ റൂട്ട് മാപ്പുമായിരുന്നു സഞ്ചിയിൽ!

ഒന്നു ചിന്തിച്ചാൽ: സാത്താനെതിരെ പോരാട്ടം പ്രഖ്യാപിച്ച ഒരു സമൂഹത്തെ സാത്താൻ എത്ര തന്ത്രപരമായാണ് കബളിപ്പിക്കുന്നത്. സമ്പത്തിലേക്കും സുഖഭോഗങ്ങളിലേക്കും ശ്രദ്ധ തിരിച്ചുവിട്ട് വിദഗ്ധമായി വിശ്വാസിയെ ദൈവത്തിൽ നിന്ന് അകറ്റി വഞ്ചിക്കുന്നു.

ആദരണീയതയുടെ മഹത്തായ പാരമ്പര്യപൈതൃകം പേറുന്ന ക്രൈസ്തവസഭകളിൽ ആശങ്കാജനകമായ പ്രവണതകളെക്കുറിച്ചു സുപ്രീംകോടി ഓഗസ്റ്റ് ഒന്നിനു ഞെട്ടൽ പ്രകടിപ്പിച്ചു. പട്ടത്വസഭകളിൽ അടുത്തകാലങ്ങളിൽ പൊട്ടിത്തെറിച്ച അപവാദകഥകൾ സൂചിപ്പിച്ചാണു പരാമർശം.

പണത്തിന്റെ കടന്നുകയറ്റം സഭകളെ ആത്മീയമായി തകർക്കുകയാണ്. സ്വകാര്യസ്വത്ത് നിഷേധമായി കമ്യൂണിസത്തെ നിർവചിച്ച മാർക്സിനെ വളരെ സ്വാധീനിച്ച ഹെഗേലിയൻ ചിന്തകനാണു മോസസ് ഹെസ്. അദ്ദേഹത്തിൽനിന്നു ധാരാളം മാർക്സ് സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസ്താവനയാണ് താത്വികലോകത്തിൽ ദൈവം എന്താണോ അതാണു പ്രായോഗിക മണ്ഡലത്തിൽ പണം. ദൈവമായി പീഠത്തിൽ പ്രതിഷ്ഠിച്ച പണത്തെക്കുറിച്ചു മാർക്സിന്റെ വിലപ്പെട്ട പഠനങ്ങളും നിരീക്ഷണങ്ങളുമുണ്ട്.

ലോകം ഒരു വിഗ്രഹാരാധനയിലാണ്. പണമെന്ന മാമോന്റെ ആരാധന. വിശ്വാസ സമൂഹവും അതിൽ പെട്ടുപോയിരിക്കുന്നു. പണാധിപത്യം ചൂഷണാധിപത്യമാണ്. പണത്തെ ദൈവമാക്കുന്നവർ അധികാരമോഹികളാകുന്നു. അധികാര ലഹരിയിൽ പെട്ടവർക്ക് എല്ലാം ഇരകളാണ് അവരുടെ മുമ്പിൽ തെറ്റും ശരിയുമില്ല. അവരെ സാത്താൻ എല്ലാവിധ വൈകൃതങ്ങളിലേക്കും വലിച്ചിഴയ്ക്കുന്നു. പണത്തെ ദൈവമാക്കിയവർ ഉണ്ടാക്കുന്ന അധികാരത്തിന്റെ ലഹരിയാണ് വലിയ നാണക്കേടുകളായി സമൂഹത്തിൽ പൊട്ടിത്തെറിക്കുന്നത്.

മൃഗീയതയിൽ നിന്നുയർന്ന് മഹത്വമാർന്ന ജീവിതം നയിക്കുന്നതാണ് ആത്മീയത. മനുഷ്യൻ തന്റെ സ്വകാര്യതയിൽ വേലികെട്ടി സംരക്ഷിക്കേണ്ടതാണ് ആത്മീയം. അവിടെ ദൈവത്തിനുപകരം മാമോന്റെ ദാനങ്ങളായ പണവും അധികാരവും പ്രതിഷ്ഠിക്കപ്പെടുമ്പോൾ ജീവിതത്തിൽ അധാർമ്മികതയും അരാജകത്വവും നടമാടും. മൃഗീയതയുടെ അഗ്നിപർവ്വതങ്ങൾ പൊട്ടിത്തെറിക്കാതിരിക്കണമെങ്കിൽ അകത്തെ വിളക്കും അഗ്നിയും കെടാതെ നാം സംരക്ഷിക്കണം.

# മതം മദമായാൽ



**മ**തം ഒരു വിശ്വാസമാണ്, ധർമ്മമാണ്, ഭക്തിയാണ്, ഈശ്വരവിചാരമാണ്. നന്മ മാത്രമുള്ള ഈ സംഹിത സ്നേഹം എന്ന ശ്രേഷ്ഠഗുണത്തിൽ ഒതുങ്ങി നിൽക്കുന്നു. വിശ്വജനീനമായ (യൂണിവേഴ്സൽ) ഈ സ്നേഹം സർവരേയും തങ്ങളെപ്പോലെ തന്നെ കരുതാനും മാനിക്കാനുമാണ് പഠിപ്പിക്കുന്നത്. ദൈവാരാധനയും ആരോഗ്യപരമായ മതാചാരങ്ങളും മനുഷ്യമനസുകളെ അച്ചടക്കത്തിലും സ്നേഹത്തിലും പാകപ്പെടുത്തുന്നുവെന്നതിൽ സംശയമില്ല. ഈശ്വരനു മുൻപിൽ കൈകൂപ്പുവാനും കുമ്പിടാനും കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുമ്പോൾ ഈശ്വരന്റെ മക്കളായ സഹജീവികളുടെ മുൻപിലും വിനയാന്വിതരാകാൻ അവർക്ക് കഴിയുന്നു.

മനസിൽ ജ്ഞാനവും ഹൃദയത്തിൽ സ്നേഹവും നയിക്കേണ്ട മനോഹരോപാധിയായ മതത്തെ ആ തലങ്ങളിൽ നിന്ന് മാറ്റി ഞരമ്പിലേക്കു കടത്തിവിട്ടാൽ മനുഷ്യരെല്ലാം ഞരമ്പുരോഗികളായി മാറും. ലക്കും ലഗാനുമില്ലാത്ത ഭ്രാന്തന്മാരായിത്തീരും. അമിതമായ മതാത്മകത അവരിൽ അപരനോട് വെറുപ്പും വിദ്വേഷവും നിന്ദയും നിറയ്ക്കും. വിനാശകരമായിരിക്കും ഫലം.

വീടുകളിലിരുന്ന് ഇതര മതങ്ങളെ അവജ്ഞയോടെ വിമർശിക്കുകയും അതുവഴി കുട്ടികളിൽ അബദ്ധധാരണകൾ വളർത്തിവിടുകയും ചെയ്യുന്ന മാതാപിതാക്കൾ ചെയ്യുന്നത് ഈശ്വരനിന്ദയും മനുഷ്യവിദ്വേഷവുമാണ്. ജാഗരൂകരായിരിക്കാം നമുക്ക്.



*ഞാൻ ഒരു ഹിന്ദുവാണ്. പക്ഷേ, സ്വന്തം ഇഷ്ടപ്രകാരമല്ല ഞാൻ ഹിന്ദുവായത്. എന്റെ അച്ഛനമ്മമാർ ഹിന്ദുക്കളായിരുന്നതിനാൽ ഞാനും ഹിന്ദുവായി. അത്രമാത്രം.* **-ടി. പത്മനാഭൻ**



ഡയലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺ അനുഗ്രഹം വരുന്നു. ...ഇതാ അത്ഭുതം എന്നൊക്കെ കാണിച്ച് ചിലരുടെ ഫ്ളക്സുകൾ വഴി നീളെ കാണാം. പ്ലാസ്റ്റിക്കിന്റെ കാര്യത്തിലെന്ന പോലെ ഇതിനെതിരെയും നടപടി വേണ്ടതല്ലേ.

ജെയ്മോൻ ബാബു, ചിന്നാർ, ഏലപ്പാറ, ഇടുക്കി

☹ **പാവപ്പെട്ടവർക്ക് കക്കൂസ്, കോഴിക്കൂട് നിർമ്മാണത്തിന് ഇത് ഉപയോഗിക്കാമല്ലോ.**

☺ പെട്രോൾ വില ഏറുന്നതിൽ ആശങ്കയൊന്നുമില്ലേ.

ബെൻസ് ജോൺസൺ, കല്ലട, ചിറ്റുമല, കൊല്ലം.

☹ **ഇന്ധനവില കൂടുന്നതിനനുസരിച്ച് സർക്കാർ രൂപയുടെ വില കുറച്ചുകൊടുക്കുന്നുണ്ടല്ലോ.**

☺ ക്രിസ്ത്യാനികളെ നിരന്തരം വിമർശിക്കുന്ന ഗോപാലകൃഷ്ണനെ എന്തു വിളിക്കണം.

റെജി ഉമ്മൻ, കുഴിമറ്റം, പരുന്തുംപാറ, കോട്ടയം

☹ **വിവേകം നഷ്ടപ്പെട്ട വിവാദ പുരുഷൻ**

☺ എവിടെ നോക്കിയാലും അമേരിക്കയും ഡോളറും മാത്രം കാണുന്ന പ്രസംഗകരെ ഉപദേശം കൊണ്ട് നേരെയാക്കാൻ പറ്റുമോ.

ഫേബാ രാജു, സീതത്തോട്, മൂന്നുകല്ല്, പത്തനംതിട്ട

☹ **ഉപദേശം പോരാ സെറിബ്രൽ ഹെമറേജെങ്കിലും വേണ്ടിവരും.**

☺ സർക്കാറിന്റെ സാലറി ചലഞ്ചുപോലൊന്ന് സഭയിലും പ്രാവർത്തികമായാൽ.

റീനാ സൈമൺ, കോട്ട, കാരയ്ക്കാട്, പത്തനംതിട്ട

☹ **ചലഞ്ച് റിവഞ്ചായി മാറും**

☺ ഇതെന്താ വെള്ളരിക്കാപട്ടണമോ എന്ന് ചോദിക്കാറുണ്ട്. എന്തുകൊണ്ട് കുമ്പളങ്ങാ ആയിക്കൂടാ.

ഉമ്മൻ ജോസഫ്, കിളിരൂർ, ഇല്ലിക്കൽ, കോട്ടയം

☹ **ആദ്യം പറഞ്ഞവന്റെ വായിൽ വെള്ളരിക്കായാണ് വന്നത്. അതു സൂപ്പർസ്റ്റാറായി ഫാൻസുമായി ഇനി മാറ്റാനാവില്ല.**

☺ വിലയേറിയ ദാസൻ, റവ, ഡോ, ഇവരൊക്കെ വലിയ ആളുകളാണോ.

ആനി ചെറിയാൻ, പുല്ലംകോട്, പെരുമണ്ണൂർ, വാളകം

☹ **വെറും പാഴ്വസ്തുക്കൾ, നാരങ്ങാവെള്ളത്തിലെ കുരു പോലെ.**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew